2024 ആഗസ്റ്റ് 15 / സെപ്റ്റംബർ 15
വില : 30 രൂപ

# പ്രഭാതരശ്മി

മാസിക
പുസ്തകം 10. ലക്കം 7
ISSN 2395-2024


പിതൃപാദങ്ങളിൽ
**ഡോ: ശൂരനാട്ടു പി.എൻ കുഞ്ഞൻപിള്ള**
ഡോ.കെ.രാജശേഖരൻ നായർ

**ഓണനിലാവ്**
പ്രഭാവർമ്മ

വേണ്ടത്ര അറിയാത്ത
അനശ്വര ഗാനങ്ങൾ
**ശ്രീകുമാരൻതമ്പി പറയുന്നു**
**മുഖാമുഖം**
എസ്.മഞ്ജുളാദേവി

**കവിത**
സച്ചിദാനന്ദൻ

**ഹസീനയും യൂനുസ്സും**
ടി.പി.ശ്രീനിവാസൻ



## ടി.പത്മനാഭന്റെ കഥ
# വിധ്വംസ്കം

2024 ആഗസ്റ്റ് 15 / സെപ്റ്റംബർ 15

# പ്രഭാത രശ്മി

പുസ്തകം : 10
ലക്കം : 7



പ്രഭാത സൂര്യനെത്തുമ്പോൾ
ആഹ്ലാദം പരമാർന്നുടൻ
ജീവജാലങ്ങളെല്ലാമേ
മാനുകാർത്ഥം ശ്രമിച്ചിടും

ജനാബ് തങ്ങൾകുഞ്ഞ് മുസലിയാർ

എഡിറ്റർ :
ടി.കെ. ഷഹാൽ ഹസൻ മുസലിയാർ
റസിഡന്റ് എഡിറ്റർ :
ടി.കെ. ജലാലുദ്ദീൻ മുസലിയാർ

എക്സിക്യൂട്ടീവ് എഡിറ്റർ :
എസ്. നാസർ

സബ് എഡിറ്റർ
എൻ.ശ്രീഅയ്യപ്പൻ

ഡി.ടി.പി.
സിന്ധു കെനി

ചിത്രീകരണം :
കല, കവർ :
അജിത് എസ്. ആർ.

ഉപദേശകസമിതി
ശ്രീ.ടി.പി. ശ്രീനിവാസൻ
ഡോ.എം.എൻ. കാരശ്ശേരി
പ്രൊഫ.വി. കാർത്തികേയൻ നായർ
ഡോ.എസ്. നസീബ്

എഡിറ്റോറിയൽ,
സർക്കുലേഷൻ
അന്വേഷണങ്ങൾക്ക്
പ്രഭാതരശ്മി മാസിക
നമ്പർ XV/664, ഗ്രൗണ്ട് ഫ്ളോർ
ചിന്നക്കട നഗർ -34
കന്റോൺമെന്റ് നോർത്ത്
കൊല്ലം -691 001

ഫോൺ : 0474 -2747444,
9446 3537 92, 9495 7103 60
Email: prabhatharashmi@gmail.com



8. മഹാമതേ പ്രണാമം (പിതൃപാദങ്ങളിൽ )
ഡോ.ശൂരനാട്ടു പി.എൻ.കുഞ്ഞൻപിള്ള/
ഡോ.കെ. രാജശേഖരൻ നായർ

5 കാട്ടാനയുടെ കാരുണ്യം (മുഖവുര)
ടി.കെ.ഷഹാൽ ഹസൻ മുസലിയാർ

38 ഹസീനയും യൂനുസും (വിദേശരംഗം)
ടി.പി. ശ്രീനിവാസൻ

## കവിത

21. ഉദയം / സച്ചിദാനന്ദൻ
40. പ്രണയമന്ത്രങ്ങൾ / ചവറ കെ.എസ്.പിള്ള
41. രുധിര സങ്കീർത്തനം / കുഞ്ഞപ്പ പട്ടാന്നൂർ
41 ചൂടിൻ വെളിച്ചം / മണമ്പൂർ രാജൻബാബു
57 പാട്ടു പാടിയുറക്കാം (പി സുശീലയ്ക്ക്)
/ രാജൻ സി എച്ച്
57. ചോരമഞ്ഞ് / മഞ്ജു വെള്ളായണി
65. വെറുതേ എന്തിനാണ് നമ്മൾ ഉണർന്നു
കിടക്കുന്നത്. / റജീന റഹ്മാൻ
65 പെണ്ണില / മായാഗോവിന്ദരാജ്



# മഹാമതേ പ്രണാമം

ഡോ.ശൂരനാട്ടു പി.എൻ.കുഞ്ഞൻപിള്ള

പിതൃ
പാദങ്ങളിൽ



ഡോ.കെ. രാജശേഖരൻ നായർ

**മ**ലയാള ഭാഷാ ശാസ്ത്രത്തിലെന്നപോലെ, സാഹിത്യ ശാഖകളിലെല്ലാം പരന്നതും അഗാധവുമായ അറിവിന്റെ ആൾരൂപമായിരുന്നു ഡോ. ശൂരനാട്ടു പി.എൻ. കുഞ്ഞൻപിള്ള. പണ്ഡിത ശ്രേഷ്ഠനായ അച്ഛനെ വിഖ്യാത ഗ്രന്ഥകാരനും നാഡീരോഗ ചികിത്സാ നിപുണനും വൈദ്യശാസ്ത്രാദ്ധ്യാപകനുമായ മകൻ ഡോ.കെ. രാജശേഖരൻ നായർ അനുസ്മരിക്കുന്നു

**കു**റെ നാളുകൾക്കുമുമ്പ് അസാധാരണമായി രണ്ടു മലയാളം പ്രൊഫസർമാർ എന്നെ കാണാൻ വന്നിരുന്നു. ഇങ്ങനെയുള്ള സന്ദർശനങ്ങൾ ആവുമെങ്കിൽ ഒഴിവാക്കുകയാണ് എന്റെ പതിവ്. അവരുടെ ആഗമനോദ്ദേശം അതിപ്രധാനമായ ഒരു ചമ്പൂകൃതിക്ക് ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള (1911-1995) എഴുതിയ പഠനം ഡിജിറ്റലൈസ്ഡ്ചെയ്ത് Creative Common License ൽ ആർക്കും സൗജന്യമായി ഡൗൺലോഡ് ചെയ്ത് വായിക്കാനുള്ള സൗകര്യത്തിന് എന്റെ സമ്മതം വാങ്ങാനായിരുന്നു. മലയാളത്തിലെ ഏതോ ഒക്കെ കോഴ്സുകൾക്ക് അത് അവശ്യവായനയ്ക്കുള്ളതാണെന്നും ആ പുസ്തകത്തിന്റെ കോപ്പികൾ കിട്ടാത്തതുകൊണ്ട് ആ പഠനത്തിന്റെ ഫോട്ടോസ്റ്റാറ്റുകളുടെ ചതഞ്ഞു മറിഞ്ഞ കോപ്പികളാണ് ഇന്നു വിദ്യാർത്ഥികളും അധ്യാപകരും ഉപയോഗിക്കുന്നതെന്നുമാണ് പറഞ്ഞത്. അവർ ചോദിച്ച കാര്യത്തിനു സമ്മതം കൊടുക്കാൻ എനിക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. പക്ഷെ അതിന്റെ സാങ്കേതികമായ ചില പ്രശ്നങ്ങൾ ഒഴിവാക്കി ചെയ്യാനാണ് നിർദ്ദേശിച്ചുവിട്ടത്.

ഈ സന്ദർശകരുടെ വരവ് എനിക്കു ഉപകാരപ്രദമായത് അച്ഛന്റെ കൃതികളെ കുറിച്ച് വീണ്ടുമൊന്ന് പര്യാലോചിക്കാൻ ഇടയായതുകൊണ്ടാണ്. അദ്ദേഹം മരിച്ചിട്ട് ഇരുപത്തൊമ്പതു കൊല്ലമായി ഈ മാർച്ച് എട്ടാം തീയതി (8.3.2024) അദ്ദേഹത്തിനെ ഓർമ്മിക്കാനായി പഠനഗവേഷണകേന്ദ്രങ്ങളോ, പ്രതിമകളോ ഒന്നുംതന്നെയില്ല. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ തന്നെ കിട്ടാൻ പാടാണ്. എന്നാലും ജനം ഇന്നും അദ്ദേഹത്തെ ആദരപൂർവ്വം സ്മരിക്കുന്നുണ്ട് എന്നുള്ളതുതന്നെ ഭാഗ്യം.

ഈശാവാസ്യോപനിഷത്തിലെ വരികളാണ് ഓർത്തുപോയത്.

*വായുര നിലമമൃതമ*
*ഥേദം ഭസ്മാന്തം ശരീരം.*
*ഓം ക്രതോ സ്മര കൃതം സ്മര*
*ക്രതോ സ്മര, കൃതം സ്മര*

ഭസ്മാന്തമായി തീരുന്നു ശരീരം. ബാക്കി നിൽക്കുന്നത് കൃതം ആണ്- ചെയ്തവ, കർമ്മങ്ങളാണ്. അവയാണ് ചിരസ്മരണകളായി നിൽക്കുന്നത്. അതാണ് നിദാനമെങ്കിൽ അദ്ദേഹം ഒരു പുരുഷായുസ്സുകൊണ്ട് കൂട്ടിവച്ചു പോയവ മലയാളത്തെ സംബന്ധിച്ച് അനർഘമായ, അമൂല്യമായ നിധിക്കുമ്പാരമാണ്. അതിന്റെ വ്യാപ്തിയും വലിപ്പവും ഉയരവും ഇന്നുള്ളവർക്കു ഗണിക്കാൻ പ്രയാസമാകും.

## ഗ്രാമത്തിൽ നിന്നു നഗരത്തിലേക്ക്


ശൂരനാട്ടു നിന്ന് ഏകദേശം പത്തു കിലോമീറ്റർ അകലെയുള്ള തേവലക്കരയിലെ പ്രൈമറി സ്കൂൾ പഠിത്തത്തിനു നിത്യവും നടന്നു പോകലിനു ശേഷമാണ് ഹൈസ്കൂളിലേക്കു ചേരാൻ പത്തിരുപത്തഞ്ചു കിലോമീറ്റർ അകലെയുള്ള ചവറയിൽ പോകേണ്ടി വന്നത്. നിത്യവും പോയിവരാനുള്ള പ്രയാസം കൊണ്ട് പുളിമാനവീട്ടിൽ താമസിച്ചാണ് പഠനം തുടർന്നത്. ഭാഗ്യമെന്നു പറയണം അവിടത്തെ അധ്യാപകരായി അന്നുണ്ടായിരുന്നത് മലയാളം, സംസ്കൃതം ഭാഷകളിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മഹാകവി ശ്രീ. അഴകത്ത് പദ്മനാഭ കുറുപ്പും, (1869 - 1931 രാമചന്ദ്രവിലാസം മഹാകാവ്യമെഴുതിയ ആൾ) ശ്രീ മഠത്തിൽ ശങ്കുപിള്ളയും ഇംഗ്ലീഷിൽ ശ്രീ. കൊച്ചീക്കൽ ബാലകൃഷ്ണൻ തമ്പിയുമായിരുന്നു. കേരളപാണിനീയം മുഴുവൻ ഹൃദിസ്ഥമാക്കിയ ആ കുട്ടിക്ക് ഒരു അപൂർവ്വ സമ്മാനമായി ശ്രീ. അഴകത്ത് നൽകിയത് കേരളപാണിനീയത്തിനു താൻ തയ്യാറാക്കിയനോട്ടുപുസ്തകം ആയിരുന്നു. വ്യാകരണം അന്നേ തലയ്ക്കു പിടിച്ച കുട്ടിയാണ് പിലക്കാലത്ത് ലോകം അറിയുന്ന വയ്യാകരണനും ഭാഷാ ശാസ്ത്രജ്ഞനുമായത്.

വയസ്സ് പതിനഞ്ചു തികയാത്തതുകൊണ്ട് അന്നത്തെ പത്താം ക്ലാസ്സിനു (ഇ.എസ്.എൽ.സി - English School Leaving Certificate Class) ചേരാനായില്ല. വെറുതേ കളഞ്ഞില്ല ആ കൊല്ലം,സംസ്കൃതത്തിൽ സാമാന്യം ഭേദപ്പെട്ട വ്യുത്പത്തിയുണ്ടായിരുന്ന അമ്മയുടെയും അച്ഛന്റേയും സഹായത്തോടെ സംസ്കൃതം അസ്സലായി സ്വയം പഠിച്ചെടുത്തു.

പിറ്റേ കൊല്ലം കോളേജിൽ കയറാൻ തിരുവനന്തപുരത്തു ചെന്നപ്പോഴാണ് അത് ഉപകാരപ്പെട്ടത്. ഡോ. കെ.ഗോദവർമ്മ തുടങ്ങിയ വമ്പന്മാരായിരുന്നു ഇന്റർവ്യൂ ബോർഡിൽ. ഏതോ ഒരു ചെറിയ ഗ്രാമത്തിൽ നിന്നു വന്ന കുട്ടിക്ക് സംസ്കൃതം തന്നെ വേണമെന്ന ആവശ്യം അവർക്കു അത്ര രസിച്ചില്ല. സംസ്കൃതം വല്ലതും അറിയാമോ എന്ന ചോദ്യത്തിനു കാവ്യ



പഴയ ഒരു കുടുംബചിത്രം: ശൂരനാട്ടു കുഞ്ഞൻപിള്ള, ഭാര്യ ഭഗവതി അമ്മ, ശാന്താദേവി, ശ്യാമളാദേവി, രാജശേഖരൻനായർ



സമസ്തകേരള സാഹിത്യ പരിഷത്ത് മദ്രാസ് സമ്മേളനം (1958) ശൂരനാട്ടു കുഞ്ഞൻപിള്ള, ഗവർണർ വിഷ്ണുറാം മേധി, മഹാകവി ജി. ശങ്കരക്കുറുപ്പ്

വും നാടകവുമൊക്കെ കുറച്ച് വായിച്ചിട്ടുണ്ട് എന്ന മറുപടി അവർക്കു അവിശ്വസനീയമായി തോന്നി.

ഇന്റർവ്യൂയിൽ ആ കുട്ടിയുടെ സംസ്കൃതജ്ഞാനം കേട്ട് പക്ഷെ അത്ഭുതപ്പെട്ടുപോയത് അവരും, പിന്നെ ആ കുട്ടിയുടെ സംസ്കൃതഅധ്യാപകനായിവന്ന സാംസ്കൃതാധ്യാപകനുമായിരുന്നു. അദ്ദേഹം കുട്ടിയെ വിളിച്ചു പറഞ്ഞു. 'കുഞ്ഞേ, ഇയാൾ എന്റെ ക്ലാസ്സിലിരിക്കണ്ട, താൻ പോയി തനിക്കിഷ്ടമുള്ള കാവ്യമേതെങ്കിലും എടുത്തു സ്വയം വായിച്ചു പഠിച്ചോ. തന്നെ പഠിപ്പിക്കാനുള്ള വിഭവങ്ങളൊന്നും എനിക്കില്ല.'

## എഴുത്തുകാരനെന്ന തുടക്കം

അന്നൊക്കെ തിരുവനന്തപുരമെന്ന പട്ടണത്തിൽ ഒരു ഗ്രാമത്തിൽ നിന്നു വന്ന കുട്ടിക്ക് കഴിഞ്ഞു കൂടണമെങ്കിലുള്ള ചെലവ് വീട്ടിൽ നിന്നു കിട്ടാനുള്ള സാധ്യത അത്രയൊന്നുമില്ലായിരുന്നു. അപ്പോഴാണ് തോന്നിയത് താനെഴുതിയ ഒരു നോവൽ പ്രസിദ്ധീകരിച്ചു കിട്ടിയാൽ കുറെ ആശ്വാസമാകുമല്ലോ എന്ന്. മലയാള പുസ്തകപ്രസാധകർ അന്ന് അപൂർവ്വമായിരുന്നു. ആരോ പറഞ്ഞു കേട്ട് ചെന്നത് ചാലയിലെ വിദ്യാവിലാസിനി പ്രസാധകനായ ശ്രീ. ഗോവിന്ദപ്പിള്ളയുടെ കടയിലാണ് (വി.വി ബുക് ഡിപ്പോ.)

(ആ രംഗം എനിക്കു മനസ്സിൽ ഊഹിക്കാനാകും. ഞാൻ ആ കടയിൽ പല തവണ 1950 കളിൽ പോയിട്ടുണ്ട്. കഷ്ടിച്ച് അഞ്ചാറടി മാത്രം വീതിയുള്ള ഉമ്മറമുള്ള ദീർഘചതുരമായ കടയായിരുന്നു അത്. ആ കടയുടെ തറയിൽ പുൽപ്പായയും അടിയിൽ പഞ്ഞിമെത്തയുമായിരുന്നു. അങ്ങനെയായിരുന്നു അന്നു ചാലയിലെ മിക്ക കടകളും. അതിന്റെ ഒരുകിൽ കഷ്ടിച്ച് ഒന്നൊരയടി പൊക്കമില്ലായിരുന്ന ശ്രീ ഗോവിന്ദപ്പിള്ള ഇരിക്കുക. തടിച്ചു കുറുകിയ ദേഹം. മുഖമാകെ മസൂരിക്കുത്തുകൾ ഏകദേശം കൈമുട്ടുവരെ എത്തുന്ന വലിയ വെള്ള നിറമുള്ള ആഫാരം (Half Arm) ഷർട്ട്, കണങ്കാലിനു മുകളിൽവരെയുണ്ടാവുന്ന വീതി കറുപ്പു കരയൻ ബാലരാമപുരം മുണ്ട്. തോളത്തു ഒരു ചുട്ടിക്കരയൻ തോർത്ത്. കരകരയുള്ള ഗാംഭീര്യസ്വരം. മുന്നിൽ വന്നു നിന്ന തീരെ മെല്ലിച്ച, നല്ല നിറമുള്ള ഒത്ത ഉയരമുള്ള ആജാനബാഹുവായ ആ കുട്ടി ശ്രീ. ഗോവിന്ദപ്പിള്ളയുടെ കൈയ്യില് തന്റെ പുസ്തകത്തിന്റെ കൈയ്യെഴുത്തു പ്രതി കൊടുത്തു പറഞ്ഞു 'പ്രസിദ്ധീകരിക്കാൻ ഒരു നോവലാണ്.' അതു വാങ്ങി കണ്ണിൽ തൊട്ടുവച്ച് കരുണയോടെ അദ്ദേഹം പറഞ്ഞു. 'ഒരാഴ്ച കഴിഞ്ഞു വരൂ' എന്ന്. ശ്രീ. ഗോവിന്ദപ്പിള്ള ആ കാലത്തു തന്നെ പ്രഖ്യാതനായ ഒരു പ്രകാശകനായിരുന്നു. ശ്രീ. ആർ നാരായണ പണിക്കരുടേയും, ശ്രീ. എം.ആർ വേലുപ്പിള്ളയുടേയും, ശ്രീ. കെ. രാമകൃഷ്ണപിള്ളയുടെയും, ഇം. എം.കോവൂരിന്റേയും ഒക്കെയായി ധാരാളം പേരുകേട്ട എഴുത്തുകാരുടെ പുസ്തകങ്ങൾ ആയിരുന്നു വി.വി. ബുക്ക് ഡിപ്പോക്കാർ പ്രസിദ്ധീകരിച്ചിരുന്നത്. അപ്പോഴാണ് ആദ്യമായി കാണുന്ന ഒരു പതിനഞ്ചു പതിനാറുകാരന്റെ ആദ്യകൃതി ഐശ്വര്യമായി അദ്ദേഹം വാങ്ങുന്നത് തനിക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ട ആ കുട്ടി ഒരു നല്ല ഭാവിയുടെ വാഗ്ദാനമാണെന്നു അദ്ദേഹത്തിനു തോന്നിയിരിക്കാം.

അടുത്ത തവണ ചെന്നപ്പോൾ അദ്ദേഹം കുറെ പേപ്പറുകൾ കൊടുത്തിട്ട് അതിലൊക്കെ ഒപ്പിട്ടുവാങ്ങി പുസ്തകം ഒട്ടും വൈകാതെ പ്രസിദ്ധീകരിക്കുന്നുണ്ട് എന്നറിയിച്ചു. ആദ്യത്തെ റോയൽട്ടി ആയി ഒരു ചെറിയ തുക കൈയ്യിൽ വച്ചുകൊടുത്തപ്പോൾ ശ്രീ. ഗോവിന്ദപ്പിള്ള ഒന്നേ നിർദ്ദേശിച്ചുള്ളു. ഇനി എന്തെഴുതിയാലും തനിക്കേ തരാവൂ എന്ന്. അന്നു തുടങ്ങിയ ബന്ധം എത്രയോ പതിറ്റാണ്ടുകൾ കഴിഞ്ഞ് ശ്രീ. ഗോവിന്ദപ്പിള്ള മരിക്കുന്നതു വരെ തുടർന്നു. അച്ഛന്റെ മിക്കവാറും എല്ലാ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചതും അദ്ദേഹം മാത്രമായിരുന്നു.

ആ പുസ്തകത്തിനു അന്നു കിട്ടിയ പ്രശംസ അന്നത്തെ പേരെടുത്ത പണ്ഡിതരായ ശ്രീ. നന്ത്യാർവീട്ടിൽ പരമേശ്വരൻ പിള്ളയുടേയും ശ്രീ. രംഗസ്വാമി അയ്യരുടേയും, ശ്രീ രാമയ്യാ ശാസ്ത്രിയുടേയും സാഹിത്യപഞ്ചാനനൻ ശ്രീ. പി.കെ. നാരായണപിള്ളയുടേയും ഒക്കെയായിരുന്നു. അംബാദേവി എന്ന ആ നോവൽ അക്കൊല്ലത്തെ തന്നെ സ്കൂൾ ടെക്സ്റ്റ് ബുക്കുമായി. പതിമൂന്നു വയസ്സിലെഴുതിയ ഒരു കഥാ



ഭാര്യ ഭഗവതിയമ്മയ്ക്കൊപ്പം

കാവ്യം മനസ്സിലങ്ങനെ കിടക്കുകയായിരുന്നു ഒരു നോവായി. ആ കുഞ്ഞ് അത് ആദ്യം എഴുതിയപ്പോൾ 'പഠിക്കാൻ വിട്ട നീയെന്ത കവിതയും കഥയും എഴുതി നടക്കുന്നു?' എന്നു ശാസിച്ച് ആ കൈയ്യെഴുത്തു പ്രതി ചീന്തിക്കളഞ്ഞ മൂത്ത ജ്യേഷ്ഠനോടു നിരാശയോടെ പറഞ്ഞത് 'ചേട്ടന് ആ പേപ്പറേ കീറിക്കളയാനാവൂ, എന്റെ മനസ്സിലുള്ളത് കീറാനാവില്ലല്ലോ' എന്നായിരുന്നു. രണ്ടുമൂന്നു ദിവസത്തിനകം അതു മനസ്സിൽ നിന്നു വീണ്ടും ആവാഹിച്ചു വരുത്തി, എഴുതി തീർത്തു ശ്രീ. ഗോവിന്ദപ്പിള്ളയ്ക്ക് കൊണ്ടുകൊടുത്തതാണ് 'ശ്മശാനദീപം' എന്ന കവിത. ശ്രീ. ഗോവിന്ദപ്പിള്ളയും ഞെട്ടിപ്പോയി ആ കുട്ടിയുടെ അത്യസാധാരണമായ ഓർമ്മശക്തി കണ്ട്.

## പ്രശസ്തിയുടെ തുടക്കം

ഉപരിപഠനത്തിനു ആദ്യം തെരഞ്ഞെടുത്തത് ഇംഗ്ലീഷായിരുന്നു. അന്നൊക്കെ ഇംഗ്ലീഷ് എം.എ എടുത്തവർക്കു ഭാരതീയ ഭാഷകളോടു പരമപുച്ഛമായിരുന്നു. അപ്പോഴാണ് അടുത്ത കൊല്ലം സംസ്കൃതത്തിലും എം.എ.എടുക്കുന്നത്. ആ സമയമായപ്പോഴേക്കും തിരുവനന്തപുരം വിദ്വൽ സദസ്സുകളിൽ അദ്ദേഹം ഒരു സ്ഥിരസാന്നിദ്ധ്യമായി ഭാഷകളിലും, ചരിത്രത്തിലും അസൂയാവഹമായ അറിവ് പ്രകടിപ്പിച്ച ആ യുവാവിനെ പ്രോത്സാഹിപ്പിക്കാനും, മുന്നോട്ടു നയിക്കാനും ചെന്നത് മഹാകവി ഉള്ളൂരും കൂട്ടരുമായിരുന്നു. ഉള്ളൂരാണ് നിർദ്ദേശിച്ചത് മലയാളത്തിലും എം.എ എടുക്കണമെന്ന്. അക്കാലത്ത് കേരളത്തിൽ മൂന്നു ഭാഷകളിലുള്ള എം.എ കേട്ടുകേൾവി പോലുമില്ലാത്ത ഒന്നായിരുന്നു.

ഇരുപത്തിമൂന്നാം വയസ്സിൽ 1934-ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ അധ്യാപക ജോലിക്കു അപേക്ഷ അയക്കുമ്പോൾ ശ്രീ. ഉള്ളൂർ എഴുതിക്കൊടുത്ത സർട്ടിഫിക്കറ്റാണ് വച്ചത്. അതിന്നും എന്റെ കൈയ്യിലുണ്ട്. കഷ്ടിച്ച് ഇരുപത്തിമൂന്നു വയസ്സായ ഒരു ചെറുപ്പക്കാരന് അന്നത്തെ ഏറ്റവും പ്രധാനപ്പെട്ട പണ്ഡിതൻ, ചരിത്രകാരൻ, ഉന്നത ഉദ്യോഗസ്ഥൻ (ഇന്നത്തെ ചീഫ് സെക്രട്ടറിക്കു സമാനമായ ഒരു സ്ഥാനമാണ് അന്നു ഉള്ളൂരിനു ഉണ്ടായിരുന്നത്.) എഴുതിക്കൊടുത്ത രണ്ടു പേജുള്ള ആ സർട്ടിഫിക്കറ്റിലെ ഒരു വരിയെ ഇവിടെ ഉദ്ധരിക്കുന്നുള്ളൂ. 'പീഠഭൂമി ഉയർന്നതാകുമ്പോൾ പർവ്വതശിഖരങ്ങൾ കാണാൻ പ്രയാസമാകുമെങ്കിലും അസാധാരണ ഉയരമുള്ള കൊടുമുടികൾ കാണാൻ എളുപ്പമാണ്, അതാണ് ശ്രീ.കുഞ്ഞൻ പിള്ളയുടെ അവസ്ഥ' (It is difficult at best to discern a peak when the table land is so elevated but even then a peak of more than a normal height must be easily susceptible for perception and that I glad to state is the position of Sri. Kunjan Pillai)

തിരുവനന്തപുരത്തന്ന് പല വിദ്വൽ സദസ്സുകളുമുണ്ടായിരുന്നു. പഠനങ്ങൾ അവതരിപ്പിക്കാനും, ചർച്ചകൾ നടത്താനും ഒക്കെ. അതിലൊന്ന് ശ്രീ. ബി പദ്മനാഭപിള്ള കാര്യദർശിയായി നടത്തിയിരുന്ന സംഘം ആയിരുന്നു. അവരുടെ വക 'സഹൃദയ' എന്ന പേരിൽ ഒരു മാസികയും ഉണ്ടായിരുന്നു. ആ മാസികയുടെ ബൗണ്ടു വാല്യങ്ങൾ 1990കളുടെ അവസാനം ചിതൽ തിന്നുപോകുന്നതുവരെ അച്ഛന്റെ സ്വകാര്യശേഖരത്തിലുണ്ടായിരുന്നു. ഞാനിന്നും ഓർക്കുന്നു. ഉണ്ണുനീലിസന്ദേശവും രാമകഥപ്പാട്ടും, വീരരാഘവശാസനവുമൊക്കെ അവിടെ ചർച്ചയ്ക്കു വന്നിരുന്നവയായിരുന്നു. അവയിൽ ഏറ്റവും പ്രസക്തമായി എനിക്കു തോന്നിയത് 1930 കളുടെ അവസാനമോ 1940കളുടെ ആദ്യമോ അദ്ദേഹം അവതരിപ്പിച്ചത് മലയാളനിഘണ്ടു നിർമ്മിക്കുന്നതിനെകുറിച്ചുള്ള ഒരു പര്യാലോചന ആയിരുന്നു. ഉള്ളൂരും, മലയാളം പ്രൊഫസർ. രാമസ്വാമി ശാസ്ത്രികളുമൊക്കെ ആയിരുന്നു ചർച്ചയിൽ പങ്കെടുത്തവർ പതിറ്റാണ്ടുകൾ കഴിഞ്ഞ് അതേ ദൗത്യം താൻ തന്നെ ചെയ്യേണ്ടിവരുമെന്ന് അന്നു ആരും നിനച്ചതുപോലുമില്ല.

അധ്യാപകനായിട്ടാണ് ആദ്യത്തെ ജോലി. യൂണിവേഴ്സിറ്റി കോളേജിലെ (അന്നത്തെ സയൻസ് കോളേജിലെ) ജോലിക്കുശേഷമാണ് തിരുവിതാംകൂർ സ്റ്റേറ്റ് മാന്വൽ നിർമ്മിതിക്കും മതിലകം റെക്കോർഡുകളുടെ പഠനത്തിനുമൊക്കെ തിരിഞ്ഞത്. ആ കാലഘട്ടത്തിലെ ഒരു കഥ എനിക്കു പറഞ്ഞു തന്നത് ശ്രീ. എസ് ഗുപ്തൻ നായരാണ്. ആ കാലത്ത് ആ കോളേജിലെ സതീർത്ഥ്യരായിരുന്നു ശ്രീ. ചങ്ങമ്പുഴകൃഷ്ണപിള്ളയും, ശ്രീ. എസ് ഗുപ്തൻ നായരും. അച്ഛനും ശ്രീ. ചങ്ങമ്പുഴയും സമപ്രായക്കാരായിരുന്നു- 1911 ൽ ജനിച്ചവർ. അച്ഛൻ അവിടത്തെ അധ്യാപകനും, ശ്രീ. ചങ്ങമ്പുഴ വിദ്യാർത്ഥിയും. ശ്രീ. ചങ്ങമ്പുഴ ശ്രീ. ഗുപ്തൻ നായരേയും കൂട്ടിയാണ് അച്ഛനെ പരിചയപ്പെടാൻ പോകുന്നത്. അച്ഛനെഴുതിയ ശ്മശാനദീപം കവിതയും ചങ്ങമ്പുഴ എടുത്തിട്ടുണ്ടായിരുന്നു. പരിചയപ്പെട്ടു. പോകാൻ സമയം ചങ്ങമ്പുഴ പറഞ്ഞു 'കവിതയിൽ തന്നെ അങ്ങ് നിന്നാൽ മതിയായിരുന്നു. സ്വാമിയുടെ (ശ്രീ.ഉള്ളൂർ പരമേശ്വര അയ്യർ) വലയത്തിൽ പെട്ടതു കൊണ്ടാവാം വ്യാകരണവും ചരിത്രവും പഴംപുരാണങ്ങളും ഹരമായത്.'

## ചരിത്രകാരൻ

സ്റ്റേറ്റ് മാന്വൽ നിർമ്മിതിയ്ക്കു പോകാതെ അധ്യാപകജോലി തുടർ

ന്നാൽ മതിയായിരുന്നു. ശിഷ്യസമ്പത്തും ബഹുജന സമ്പർക്കവും ധാരാളമുണ്ടായേനെ. പക്ഷെ, സ്റ്റേറ്റ് മാന്വൽ നിർമ്മതി സഹായിച്ചത് തിരുവിതാംകൂർ ചരിത്രം മുഴുവനും പഠിക്കാനുള്ള ഒരു അവസരമായിരുന്നു. തിരുവിതാംകൂർ ചരിത്രം ഏകദേശം പൂർണ്ണമായി മാറ്റിയെഴുതുന്ന ആ ഗ്രന്ഥത്തിന്റെ ചരിത്രഭാഗം മുഴുവൻ കഷ്ടിച്ച് ഇരുപത്തെട്ടു വയസ്സുള്ള ആ ചെറുപ്പക്കാരനാണ് തയ്യാറാക്കിയത്. ഉദ്ധതനെന്നു പേരുകേട്ട സദസ്യതിലകൻ ടി. കെ. വേലുപിള്ളയായിരുന്നു തിരുവിതാംകൂർ സ്റ്റേറ്റ്മാന്വലിന്റെ ഔദ്യോഗിക രചയിതാവ്. ചരിത്രം അടങ്ങുന്ന രണ്ടാം വാല്യം പ്രസിദ്ധീകരിക്കാനുള്ള അനുമതി കൊട്ടാരത്തിൽ നിന്നു വൈകി. അതുവരെ സത്യമെന്നു വച്ചിരുന്ന പലതും കെട്ടുകഥകളാണെന്ന് രാജഭരണകാലത്തു പറയാനുള്ള ചങ്കൂറ്റമാണ് അച്ഛൻ രേഖകൾ വച്ചു തന്നെ കാണിച്ചത്. അതിനു അദ്ദേഹം ശേഖരിച്ചത് മതിലകം രേഖകൾ മാത്രമല്ല, സർ.സി.പിയുടെ അനുമതിയോടെ കൊച്ചി രാജകുടുംബത്തിലെയും കോഴിക്കോട്ടു സാമൂതിരി കുടുംബത്തിലെയും, അറയ്ക്കൽ ബീബിയുടേയും നാഞ്ചനാട്ടു മുതലിയാരന്മാരുടേയും, വിദേശങ്ങളിൽ നിന്നു വന്നു ഇവിടം സന്ദർശിച്ച എല്ലാ യാത്രികരുടേയും രേഖകൾ ആയിരുന്നു.

എന്നാലും തിരുവിതാംകൂർ ചരിത്രത്തിന്റെ അലകും പിടിയും ഒരുപാട് മാറ്റിയെഴുതിയ ആ പുസ്തകത്തിന്റെ പ്രകാശനാനുമതി ഭരണാധികാരികൾ ആദ്യം തടഞ്ഞു. ശ്രീ. ഉള്ളൂരടങ്ങുന്ന ഒരു സ്പെഷ്യൽ കമ്മിറ്റി വീണ്ടും പരിശോധിച്ച് ദിവാൻ സർ സി. പി. രാമസ്വാമി അയ്യരെ നേരിട്ട് ബോധ്യപ്പെടുത്തിയ ശേഷമാണ് അതു പുറത്തു വരുന്നത്.

തനി ഔദ്യോഗികമായി തന്നെ ശ്രീ.ടി.കെ.വേലുപിള്ള ആ വാല്യത്തിന്റെ മുഖവുരയിൽ അന്ന് ആ ഇരുപത്തെട്ടുകാരന് കൊടുത്തത് മുക്തകണ്ഠമായ പ്രശംസയാണ്. (Mr. Suranad P.N. Kunjan Pillai has been my Assistant in this work throughout the period. Even after his appointment as Superintendent in the Central Records Office, he continued to assist me out of office hours during all this period. He was so good as to attend my office on all holidays as well and work with me from morning to evening... place on record my high and sincere sense of appreciation of his versatility of his talent and his supreme devoton to duty... I have been benefited not only by his industry but also his vast erudition broad out look and his capacity to make relevant suggestion which enabled me to arrive at definite conclusions in several troublesome tangles. Hard work is his delight...)

അക്കാലത്തെ ഏറ്റവും പ്രശസ്തനായ ശ്രീ. ടി.കെ വേലുപിള്ള തന്റെ അസിസ്റ്റന്റു മാത്രമായിരുന്ന ആ ചെറുപ്പക്കാരന് ആ പുസ്തകം സമർപ്പിക്കുന്നത് 'സ്നേഹത്തോടും ആദരവോടുമാണെന്ന്' സ്വന്തം കൈപ്പടയിൽ ഒന്നാം പേജിൽ തന്നെ എഴുതിക്കൊടുക്കണമെങ്കിൽ ആ ആരാധനയ്ക്കു കാരണം നിസ്തുലമായ ആ വൈഭവത്തിനു കൈവണങ്ങി കൊണ്ടു മാത്രമാവണം. അതും കൂടാതെ 1940 ആഗസ്റ്റ് ആറാം തീയതി പുലർച്ചയ്ക്ക് എഴുന്നേറ്റ് ശ്രീ. വേലുപ്പിള്ള സ്വന്തം കൈപ്പടയിൽ നീണ്ട വേറൊരു കത്തും എഴുതുന്നുണ്ട്.

ഈ രേഖകളെല്ലാം എന്റെ കൈയ്യിൽ ഇന്നുമുണ്ട്. എന്നോളം തന്നെ പഴക്കമുള്ള (1940 ലാണ് ഞാനും ജനിക്കുന്നത്) ആ പുസ്തകങ്ങളും പേപ്പറുകളുമെല്ലാം പൊടിഞ്ഞു തുടങ്ങിക്കഴിഞ്ഞു. എന്നാലും അവ എനിക്കു അനർഘവും അരുമയുമുള്ളതാണ്. 83 തികഞ്ഞ എനിക്കിനി ഒരുപക്ഷെ ഇവയെക്കുറിച്ച് എഴുതാനാവില്ലായിരിക്കാം. അതുകൊണ്ടാണ് അവയുടെ ചിത്രങ്ങളടക്കം ഇവിടെ കൊടുക്കുന്നത്.

ഈ പഠനങ്ങൾക്കു വേറെ കുറെ പ്രയോജനങ്ങളുമുണ്ടായി. തിരുവിതാംകൂർ ചരിത്രം മാത്രമല്ല, കേരളത്തിന്റെ പുരാതനചരിത്രം മുഴുവൻ അദ്ദേഹത്തിനു പഠിക്കേണ്ടി വന്നു. മുമ്പേ പഠിച്ചു വച്ച മലയാളത്തിലെ പഴയ ലിപികൾ വട്ടെഴുത്തും കോലെഴുത്തും, മലയാണ്മയും ഒക്കെ ഉപയോഗിച്ചുപയോഗിച്ച് അവയിലുള്ള പരിജ്ഞാനം സുദൃഢമാക്കി. വിദേശികളുടെ യാത്രാവിവരണങ്ങൾ പരിശോധിച്ച കാരണം ആ നാടുകളുടെ ഏകദേശ ചരിത്രവും കൂടി പഠിച്ചെടുക്കേണ്ടി വന്നു. അതാണ് പിന്നെ പ്രസിദ്ധീകരിച്ച Malabar in the Eyes of Travelers എന്ന പുസ്തകം. ആകെ ഒരു പതിപ്പു മാത്രമേ അന്ന് സ്വന്തം ചെലവിൽ അച്ചടിച്ചുവെങ്കിലും അതിനു ആവശ്യക്കാരും വായനക്കാരും ആയിരങ്ങളായിരുന്നു.

(എന്റെ സുഹൃത്ത് ശ്രീ. മലയിൻകീഴ് ഗോപാലകൃഷ്ണന്റെ വാദത്തിൽ കേരളത്തിലെ ഏഴെട്ടു പി.എച്ച്.ഡി തീസിസുകളുടെ ആധാരമതായിരുന്നു. ആ പുസ്തകത്തെ കുറിച്ചുള്ള അന്വേഷണങ്ങൾ അദ്ദേഹത്തിന്റെ മരണശേഷം പലയിടത്തു നിന്നും വന്നത് എന്നോടായിരുന്നു. അച്ഛന്റെ കൈയ്യിലുണ്ടായിരുന്ന അവസാനകോപ്പി മാത്രമേ എന്റെ കൈയ്യിലുണ്ടായിരുന്നുള്ളു. അതു വച്ചാണ് ഭാഷാ ഇൻസ്റ്റിട്യൂട്ടിലെ ശ്രീ. കാർത്തികേയൻ നായരെ കൊണ്ട് ഒരു പുതിയ പതിപ്പ് 2011 ൽ ഞാൻ വീണ്ടും ഇറക്കിയത്.)

അപ്പോഴേക്കും ആ യുവചരിത്രകാരന്റെ പ്രശസ്തി നാടെങ്ങും പരന്നു. ഇന്ത്യൻ ഹിസ്റ്റോറിക്കൽ കമ്മീഷന്റെ അംഗത്വമാണ് മുപ്പതു പോലും തികയുന്നതിനു മുമ്പ് കിട്ടിയത്. സ്റ്റേറ്റ് മാന്വൽ ജോലിക്കിടെയാണ് സെക്രട്ടേറിയേറ്റിൽ സൂപ്രണ്ടായി കയറുന്നത്. അന്നൊക്കെ പത്തിരുപതുകൊല്ലം ക്ലാർക്കായി ജോലിചെയ്താൽ കിട്ടു


ആകാശവാണിയിൽ ഒരു സംവാദം: സർദാർ കെ.എം.പണിക്കർ, ഡോ.കെ.ഭാസ്കരൻ നായർ, ശൂരനാട്ടു കുഞ്ഞൻപിള്ള



ശൂരനാട്ടു കുഞ്ഞൻപിള്ള, ഭാര്യ ഭഗവതിയമ്മ, പേരക്കുട്ടികൾ

ന്ന ആ സുപ്രഞ്ചുരജാലി നേരിട്ടു കൊടുത്തത് പലർക്കും അലോസരമുണ്ടാക്കി. അതുതന്റെ നേരിട്ടുള്ള അറിവോടെയാണ് എന്ന് ദിവാൻ സർ.സി.പി. തന്നെ നിയമസഭയിൽ വിശദീകരിക്കേണ്ടി വന്നു. വിദ്യാഭ്യാസവിഭാഗത്തിന്റെ ചുമതല മുഴുവൻ വഹിക്കാൻ പ്രാപ്തനായ ഒരാളെ ആയിരുന്നു അവർക്ക് ആവശ്യം. അതിനു ബഹുഭാഷാപണ്ഡിതനായ ഈ ചെറുപ്പക്കാരനായിരുന്നു ഏറ്റവും കൂടുതൽ യോഗ്യത. അതുകൊണ്ടു തന്നെ വൈകാതെ വിദ്യാഭ്യാസ അസിസ്റ്റന്റ് സെക്രട്ടറിയുമായി. അക്കാലത്ത് സെക്രട്ടേറിയറ്റിൽ ആകെ അഞ്ചോ ആറോ അസിസ്റ്റന്റ് സെക്രട്ടറിമാരും രണ്ടോമൂന്നോ സെക്രട്ടറിമാരും മാത്രമേ ഉണ്ടായിരുന്നുള്ളു. ഡെപ്യൂട്ടി സെക്രട്ടറി പദവി തന്നെ പിന്നെ വന്നതാണ്.

സെക്രട്ടേറിയറ്റ് കാലത്തു തന്നെയാണ് അഗാധമായ മലയാള ഭാഷാഗവേഷണവും പഠനവും നടന്നത്. ലീലാതിലകവും, ഉണ്ണുനീലി സന്ദേശവുംവീരരാഘവശാസനവും ഒക്കെ വ്യാഖ്യാനിക്കുന്നത് അക്കാലത്താണ്. അവയ്ക്കുംമുമ്പേ ഇഷ്ടവിഷയമായ വ്യാകരണത്തിനു സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ട ഒരു ഗ്രന്ഥം ചമച്ചതാണ് ശ്രീ. ചിത്രാ വ്യാകരണമഞ്ജരി. 1940കളുടെ മധ്യം മുതൽ 1950 അവസാനം വരെ അതായിരുന്നു തിരുവിതാംകൂറിലെ എല്ലാ സ്കൂൾ കുട്ടികളും പഠിച്ച വ്യാകരണ ഗ്രന്ഥം.

(ആ പുസ്തകത്തെ കുറിച്ച് കുറെ നാൾക്കു മുമ്പ് ഞാൻ ഒരു ഫേസ് ബുക്ക് പോസ്റ്റ് ഇട്ടിരുന്നു. എന്റെ കൈയ്യിലുള്ള ആ പുസ്തകത്തിന്റെ ആദ്യപേജുകൾ കീറിപ്പോയതാണ്. ആ പുസ്തകം ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അതുതരണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഭാഗ്യത്തിനാണ് എന്റെ സുഹൃത്ത് ശ്രീ. സീതാറാം അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന ഒരു കോപ്പി എനിക്കു സംഭാവന ചെയ്തത്. അച്ഛന്റെ ഓർമ്മയ്ക്കായി നടത്തുന്ന ഒരു വെബ് പോർട്ടലിനു അതു ഞാൻ കൈമാറിയത് പൊതുജനങ്ങൾക്കു സൗജന്യമായി ഡൗൺലോഡ് ചെയ്ത് പഠിക്കാൻ ആവട്ടെ എന്ന ആശ കൊണ്ടാണ്.)

## ഉണ്ണുനീലി സന്ദേശവും ലീലാതിലകവും

ഇന്നു പറഞ്ഞാൽ വിശ്വസിക്കാനാളെ കിട്ടില്ല. പക്ഷെ ഒരു കാലത്ത് മലയാള സാംസ്കാരികമേഖലയിലെ ഏറ്റവും വലിയ വിവാദങ്ങൾ ഉണ്ണുനീലിസന്ദേശത്തെയും ലീലാതിലകത്തിനെയും കുറിച്ചായിരുന്നു. മുണ്ടക്കലിലെ ഉണ്ണുനീലിയെ തെരക്കി ഒരുമിച്ചു പോയവർ അച്ഛനും, ശ്രീ. ഇളംകുളം കുഞ്ഞൻ പിള്ളയും, ചരിത്ര പ്രൊഫസർ ശ്രീ പപ്പുപിള്ളയും സംസ്കൃത കോളേജ് പ്രിൻസിപ്പൽ ശ്രീ. എൻ. ഗോപാലപിള്ളയും ആയിരുന്നു.

അന്ന് തിരുവനന്തപുരത്തെ ഏറ്റവും മികച്ച ടാക്സി കാർ ശ്രീ. ഗോപാലന്റെ സ്റ്റുഡിബേക്കറായിരുന്നു. അതൊരെറ്റ കാറേ ഉള്ളൂ അന്ന് തിരുവനന്തപുരത്ത് ലക്ഷ്വറി കാറായി വാടകയ്ക്ക്. അതിൽ സഞ്ചരിക്കാൻ പൂതി തോന്നി അന്നൊരു സ്കൂൾ കുട്ടിയായ ഞാനും കൂടിയായിരുന്നു ആ യാത്രയിൽ. വഴക്കൊന്നും ഉണ്ടാക്കാതെ വെറും പാവം കുട്ടിയായി ഇരിക്കുമായിരുന്നതുകൊണ്ട് അച്ഛനും പ്രിയമായിരുന്നു എന്നെ കൂട്ടാനും. അങ്ങനെ അറിയാതെ ഉണ്ണുനീലി സന്ദേശവും മറ്റും എനിക്കും ഹൃദിസ്ഥമായി (എന്റെ പ്രായോഗിക ജീവിതത്തിൽ ഇതുവരെ ഒരു ഉപകാരവുമുണ്ടായിട്ടില്ലെങ്കിലും എനിക്കു ഇന്നും തോന്നും അവയിലെ പല വരികളും 'കാലിക്കാലിൽ തടവിന പൊടിച്ചാർത്തുകൊണ്ടാത്ത ശോഭം, പീലി കണ്ണാൽ കവിത ചികുരം പീത കൗശേവവീതം, കോലും കോലക്കുഴലുമിയലും ബാലഗോപാല ലീലം കോലന്നിലന്തവ നിയതവും കോയിൽ കൊൾകെങ്ങളുള്ളിൽ' എന്നും 'പടയൊടു കടന്നീടു കന്നേറ്റിയും' ഒക്കെ ഇന്നും ഓർമ്മയിലുണ്ട്.

ഒന്നും കൂടി ഓർമ്മയിലുണ്ട്. സുഹൃത്തുക്കളായി പോയ ഇളംകുളവും, ശൂരനാടും മടങ്ങിയത് വൈരികളായാണ്. മുണ്ടയ്ക്കലിലെ ഉണ്ണുനീലി കുലസ്ത്രീയാണെന്നു ഒരു പക്ഷം, അതല്ല എന്നു മറുപക്ഷവും, അതുപോലെ ലീലാതിലകത്തിന്റെ കാര്യവും. ശ്രീ. ഇളംകുളത്തിന്റെ പക്ഷത്തെ പോരാളികൾ അദ്ദേഹത്തിന്റെ വിദ്യാർത്ഥികളായിരുന്നു. അതിൽ മുമ്പൻ ശ്രീ. തിരുനല്ലൂർ കരുണാകരനും ശ്രീ.എം.കൃഷ്ണൻനായരും ശ്രീ. ഇളംകുളത്തിന്റെ വിദ്യാർത്ഥികളായിരുന്നു. ശ്രീ.എം.കൃഷ്ണൻ നായരുടെ വാക്കുകൾ ഞാനിവിടെ വിടുന്നു.

എത്രയോ നാൾ കഴിഞ്ഞ് അച്ഛന്റെ സപ്തതികാലത്ത് ശ്രീ. തിരുനല്ലൂർ കരുണാകരൻ അച്ഛനെകുറിച്ച് ഒരു കവിതയെഴുതി. ഒരു കാലത്തു താൻ ചെയ്തുപോയ അനവധാനതയെ കുറിച്ചുള്ള ബോധം കൊണ്ട് എഴുതിയ സുന്ദരൻ കവിതയാണ്. എഴുതിത്തുടങ്ങിയത് മലയാളത്തിലായിരുന്നു. പക്ഷെ മലയാളത്തിലല്ല, ഗാംഭീര്യം തികഞ്ഞ സംസ്കൃതത്തിൽ തന്നെ തന്റെ ആ പൂജ വേണമെന്ന് ശ്രീ. തിരുനല്ലൂരിന് നിർബന്ധമുണ്ടായി. തിരുനല്ലൂരിന്റെ വത്സലശിഷ്യനായിരുന്ന എന്റെ കസിൻ മലയാളം പ്രൊഫസർ ഗോപാലകൃഷ്ണപിള്ളയ്ക്ക് അതെഴുതിക്കൊടുത്തിട്ടു പറഞ്ഞു കുഞ്ഞൻ പിള്ള സാറിനോടു ചെന്നു പറയണം അറിയാതെ എഴുതിപ്പോയ തെറ്റുകൾക്കു പ്രായശ്ചിത്തമായി ഇതു സ്വീകരിക്കണമെന്ന്.' കവി സ്വന്തം കൈപ്പടയിലെഴുതിയ ആ കൃതിയുടെ പൂർണ്ണരൂപം ഗോപാലകൃഷ്ണപിള്ള ചേട്ടന്റെ പതാരത്തുള്ള സ്കൂളിലെ ലൈബ്രറിയിൽ ഇന്നും ഫ്രെയിം ചെയ്തു സൂക്ഷിക്കുന്നുണ്ട്. അതിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി എന്റെ കൈയ്യിലുണ്ടായിരുന്നത് ഇപ്പോൾ കാണാനുമില്ല.

## ഭരണാധികാരി

സാഹിത്യകലാമേഖലകളിൽ മാത്രമല്ല തികച്ചും ഔദ്യോഗികമായ കാര്യത്തിലും ശ്രീ. കുഞ്ഞൻപിള്ള ചെയ്ത കാര്യങ്ങൾ നിസ്തുലമായിരുന്നു. ഇന്നത്തെ ആൾക്കാർക്ക് ആലോചിക്കാൻ പോലുമൊക്കാത്ത ദുരിതമായിരുന്നു ഭാഷാധ്യാപകർക്കു ഉണ്ടായിരുന്നത്. എട്ടോ പത്തോ രൂപ മാത്ര

മായിരുന്നു അവരുടെ വേതനം. അവർക്കു വേണ്ടി വാദിക്കാൻ ആരുമുണ്ടായിരുന്നുമില്ല. അവരുടെ അന്നത്തെ ദൈന്യത അറിയാൻ ഇന്നും കാരൂർ കഥകൾ വായിച്ചാൽ മതി. പട്ടിണി കൊണ്ട് വിദ്യാർത്ഥിയുടെ പൊതിച്ചോറ് യാചിക്കേണ്ടി വരുന്ന അധ്യാപകർ. മറ്റുള്ള അധ്യാപകർക്കെല്ലാം കഴിഞ്ഞുകൂടാനുള്ള വേതനം കിട്ടുമായിരുന്നു. ഭാഷാധ്യാപകർക്കു മാത്രമതില്ലായിരുന്നു. എത്രയോ നാൾ അവർ അയച്ച പരാതികൾ കെട്ടിക്കിടപ്പായിരുന്നു.

അതു ശ്രദ്ധയിൽപെട്ട നാൾ തന്നെ അവർക്കു വേണ്ടി വാദിച്ചു ജയിക്കാനായത് ആരും അറിയാത്ത ചരിത്രം. ഇതുപോലെ തന്നെയായിരുന്നു സംസ്കൃതകോളേജിന്റെ കാര്യവും. ഏതാണ്ടു അയിത്തമുള്ളതുപോലെ അവിടത്തെ അധ്യാപകർക്ക് സ്കൂൾ മാഷന്മാരുടെ ശമ്പളമായിരുന്നു. അതു മറ്റുള്ള കോളേജ് അധ്യാപകരുടെ സമമാക്കി കൊടുക്കാൻ പെട്ടപാട് ചില്ലറയല്ല.

നാട് ദാരിദ്ര്യത്തിൽ നട്ടം തിരിയുന്ന നാളുകളിൽ ഈ ശമ്പള ഏകീകരണവും വർദ്ധനവും എല്ലാം ചീഫ് സെക്രട്ടറിയടക്കമുള്ളവർക്ക് അരോചകമായിരുന്നു. നന്നെ പരിചയവും, സുഹൃദ് ബന്ധവുമുണ്ടായിരുന്ന ശ്രീ. പട്ടം താണുപിള്ളയായിരുന്നു അന്നത്തെ മുഖ്യമന്ത്രി. എന്നാലും തന്റെ സ്വന്തം കാര്യത്തിനു ഒരു തവണപോലും അദ്ദേഹത്തെ കണ്ടിട്ടില്ല.

ഒരു ഊരാക്കുടുക്കായി അന്നുള്ള സകല മേലാളർക്കും തോന്നിയിരുന്ന വേറൊരു പ്രശ്നം തിരുവിതാംകൂർ - കൊച്ചിസംസ്ഥാനങ്ങൾ യോജിച്ചു തിരു-കൊച്ചി ആയപ്പോൾ ആ രണ്ടു സംസ്ഥാനങ്ങളിലെയുംഅധ്യാപകരുടെ സർവ്വീസുകൾ യോജിപ്പിക്കേണ്ടി വന്നതാണ്. അവരുടെ സീനിയോറിട്ടിയും ശമ്പളസ്കെയിലുകളും ക്രമീകരിക്കുക ഏറെക്കുറെ അസാധ്യമായിരുന്നു. മറ്റു ഡിപ്പാർട്ടുമെന്റുകളുടെ സംയോജനം പോലും ദുഷ്കരമെന്നു വച്ചിരുന്ന സമയത്താണ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ആ പണി അദ്ദേഹത്തെ ഏൽപ്പിക്കുന്നത്.

ചില നിബന്ധനകൾ തിരിച്ചു വച്ചിട്ടേ ആ പണി ഏറ്റെടുക്കാമെന്നു സമ്മതിച്ചുള്ളൂ. 'ആർക്കും ഒരു പരാതിയുമുണ്ടാകാത്ത വിധത്തിൽ നിശ്ചയമായും ഞാൻ ചെയ്യാം. പക്ഷെ ഇതു തീരുന്നതുവരെ, ചീഫ് സെക്രട്ടറിയടക്കം ആരും ഇതിൽ ഇടപെടരുത്, എന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് ആരും അറിയരുത്. ഞാൻ സി. എം ആയ ഏ.ജെ. ജോൺ സാറിനോടും, അങ്ങയോടും മാത്രമേ റിപ്പോർട്ട് ചെയ്യുകയുള്ളൂ'. പതിനഞ്ചു നാൾ കൊണ്ട് അതു തീർത്തെടുത്തപ്പോഴാണ് അന്നത്തെ ചീഫ് സെക്രട്ടറിയെ ശ്രീ. ഏ.ജെ.ജോണും, ശ്രീ. പനമ്പിള്ളിയും വിളിപ്പിക്കുന്നത്. തന്നെ മറികടന്നു ഒരു ജൂനിയർ അതുചെയ്തു എന്നത് അദ്ദേഹത്തിനു സഹിച്ചുകൂടാത്ത കാര്യമായിരുന്നു.

സ്വാഭാവികമായും സെക്രട്ടേറിയറ്റിലെ സീനിയേഴ്സിനും സഹപ്രവർത്തകർക്കും ആ ചെറുപ്പക്കാരനോട് അസൂയ അധികമായി ഉണ്ടായിരുന്നു. തിരുകൊച്ചിയിലെ സകല സ്കൂൾ പിള്ളരും പഠിച്ചിരുന്ന പുസ്തകങ്ങളെല്ലാം അദ്ദേഹത്തിൻറെ വകയോ, അല്ലെങ്കിൽ അദ്ദേഹം തയ്യാറാക്കിയവയോ. മലയാള സാഹിത്യത്തിൽ അതിപ്രൗഢമായ സ്ഥാനം. സാഹിത്യ പ്രവേശികയും സാഹിത്യഭൂഷണവും മറ്റും മലയാളം എം.എയ്ക്കു വരെ പാഠപുസ്തകങ്ങൾ. ലീലാതിലകവും, ഉണ്ണുനീലി സന്ദേശവുമായിരുന്നു അന്നത്തെ സാംസ്കാരിക വേദികളിലെ അതിപ്രസിദ്ധമായ സംസാരവിഷയവും. അക്കാലത്തെ ഏറ്റവും പ്രശസ്തി നേടിയ സാഹിത്യ പരിഷത്തിലെ സ്ഥിര സാന്നിദ്ധ്യം. അതിന്റെ അധ്യക്ഷൻ വരെയായി. കൊച്ചി മഹാരാജാവിന്റെ കൈയ്യിൽ നിന്ന് സാഹിത്യനിപുണൻ എന്ന തങ്കമെഡൽ വരെ കിട്ടിയ സാഹിത്യകാരൻ. കോളേജ് അധ്യാപകനല്ലായിരുന്നിട്ടും മലയാളഭാഷയിലെ സർവ്വാദരണീയനായ ഗുരു.

ശ്രീ. ഉള്ളൂരിന്റെ വത്സലശിഷ്യൻ. ശ്രീമാൻമാർ എൻ. ഗോപാല പിള്ളയും, വള്ളത്തോളും, പി.കുഞ്ഞിരാമൻ നായരും, ഉബൈദും, എം. എച്ച് ശാസ്ത്രിയും, ബാലരാമപണിക്കരും, പുത്തൻകാവ് മാത്തൻ തരകനും, ഡോ. എസ്.കെ.നായരും, ഡി.സി കിഴക്കെമുറിയും, ഒക്കെ സ്ഥിരം സന്ദർശകർ. ശ്രീമാൻമാർ. മന്നത്തു പദ്മനാഭന്റെയും, കേ.പി. കേശവമേനോന്റെയും, സർദാർ. കെ. എം. പണിക്കരുടേയും, കെ.സി മാമ്മൻ മാപ്പിളയുടേയും, കൗമുദി സുകുമാരന്റെയും അടുത്ത സുഹൃത്ത്.

## വിനീതനായ വാഗ്മി

സെക്രട്ടേറിയറ്റിന്റെ നാലു ചുമരുകൾക്കു തടുക്കാനൊക്കാത്ത പ്രഭ. അതൊക്കെ എങ്ങനെഒതുക്കാമെന്നായിരുന്നു പലരുടേയും ചിന്ത. പക്ഷെ അവ ഒട്ടും അദ്ദേഹത്തെ അലോസരപ്പെടുത്താതിരുന്നത് തനിക്കു കിട്ടിയ പ്രശസ്തിയും മറ്റും ഒരിക്കലും തലയ്ക്കുപിടിച്ചില്ല എന്നതുകൊണ്ടാണ്. സകല ജൂനിയേഴ്സിന്റെയും സ്നേഹവും പൂർണ്ണസഹകരണവും, കൂടാതെ സർവ്വരും പ്രകീർത്തിച്ച വിനയം. സെക്രട്ടേറിയറ്റിൽ ഒരു ചൊല്ലുണ്ടായിരുന്നു, പ്യൂൺ മുറിയിൽ കയറി വന്നാൽ പോലും ഇരിക്കാൻ കസേരകൊടുക്കുമെന്ന്! അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ഒരാളെപ്പോലും മനസ്സു കൊണ്ടുപോലും നോവിച്ചിട്ടില്ല. സെക്രട്ടേറിയറ്റ് കാലത്ത് അദ്ദേഹത്തിന്റെ പ്യൂണായിരുന്ന ശ്രീ. ഭാസ്കരപിള്ളയും ശ്രീ. ചന്ദ്രശേഖരനും മറ്റു പലരും റിട്ടയർ ചെയ്തുപോയിട്ടും അദ്ദേഹത്തി



പ്രൊഫ. ശൂരനാട്ടു കുഞ്ഞൻപിള്ള ലെക്സിക്കൺ ഓഫീസിൽ (1957)



തിരുവനന്തപുരം ആർട്സ് കോളേജ് 1940 ൽ : (ഇരിക്കുന്നവർ ഇടത്തുനിന്ന്) സാഹിത്യ പഞ്ചാനനൻ പി.കെ.നാരായണപിള്ള, ഡോ.കെ.ഗോദവർമ്മ, കരിങ്കുളം സി. നാരായണപിള്ള, പി.അനന്തൻപിള്ള (മലയാളം വകുപ്പ് അദ്ധ്യക്ഷൻ), പി.ജി.സഹസ്രനാമയ്യർ (പ്രിൻസിപ്പൽ), വിദ്വാൻ സി.ഐ. ഗോപാലപിള്ള, ശൂരനാട്ടു കുഞ്ഞൻപിള്ള, (വിശിഷ്ടാതിഥി), ഇളംകുളം കുഞ്ഞൻപിള്ള, കോന്നിയൂർ മീനാക്ഷിയമ്മ, ദേവകിക്കുട്ടിയമ്മ,
നിൽക്കുന്നവർ (ഒന്നാം വരി) പുളിമാന പരമേശ്വരൻപിള്ള, ഷാഹുൽ ഹമീദ്, സി.എൻ.പരമേശ്വരൻപിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള, നാരായണൻപോറ്റി, എസ്.ഗുപ്തൻനായർ, കെ.എം.ജോർജ്ജ്, (രണ്ടാം വരി) രാമവർമ്മ, കെ.എം.ഡാനിയൽ, രാഘവ വർമ്മ.

ന്റെ കൂടെ തന്നെ ഉണ്ടായിരുന്നു. അന്നും കുറെ രാഷ്ട്രീയ ചായ്‌വുകളൊക്കെ ഉണ്ടായിരുന്ന സർവ്വീസ് സംഘടനയായ സെക്രട്ടേറിയറ്റ് അസോസിയേഷൻകാർ പോലും ഒരു രാഷ്ട്രീയവുമില്ലായിരുന്ന അദ്ദേഹത്തിനെയാണ് ഒരിക്കൽ അധ്യക്ഷനാക്കിയത്.

അവസാനകാലത്ത് മാത്രം അദ്ദേഹത്തെ കണ്ടവർക്ക് ഒരിക്കലും തോന്നിയിരിക്കില്ല, അദ്ദേഹം ഒരുകാലത്ത് കേരളംകണ്ടിട്ടുള്ളതിലേക്കും വച്ച് അതിപ്രഗത്ഭനായ ഒരു വാഗ്മി കൂടിയായിരുന്നുവെന്ന്. ഞാൻ ആദ്യം അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കുന്നത് തീരെ കുട്ടിയായിരിക്കുമ്പോഴാണ്. കഷ്ടിച്ച് ഏഴെട്ടുവയസ്സു കാണും. അച്ഛനെപ്രാണനു തുല്യം സ്നേഹിച്ചിരുന്ന അച്ഛമ്മയാണ് കുമരഞ്ചിറ അമ്പലത്തിലന്ന് എന്നെ കൊണ്ടുപോയത്. തന്റെ മകന്റെ കഴിവുകളെ കുറിച്ച് ഒരു പാട് അഭിമാനമുണ്ടായിരുന്നു അവർക്ക്. ക്ഷേത്രനടയിലെ വിശാലമായ പറമ്പിൽ സ്കൂൾ ബെഞ്ചുകൾ നിരത്തിയിട്ട ഡയസ്സ്. വേറെ അലങ്കാരങ്ങളൊന്നുമില്ല, മൈക്കില്ല, ഇലക്ട്രിക് ലൈറ്റിനു പകരം അവിടവിടെ പെട്രോമാക്സ് വിളക്കുകൾ മാത്രം. ആയിരക്കണക്കിനു കേൾവിക്കാർ. മുൻവരിക്കാർ നിലത്തു കുത്തിയിരുപ്പാണ്. പിന്നുള്ളവർ നിൽപ്പാണ്. കാൽമുട്ടിനു വേദനയുള്ള കാരണം അച്ഛമ്മ സ്ഥാനം പിടിച്ചത് അമ്പലപ്പറമ്പിന്റെ വളരെ അകലെയുള്ള ഒരു മൂലയിലെ വൃക്ഷത്തിന്റെ ചുവട്ടിലെ പൊങ്ങിനിൽക്കുന്ന വേരിൽ ഇരുപ്പുറപ്പിച്ചാണ്. അവരുടെ കൈയ്യിൽ ഞാന്നു ഞാനും. പാതിവെളിച്ചത്തിൽ പ്രസംഗിക്കുന്ന അച്ഛനെ കഷ്ടിച്ച് കാണാമെന്നേയുള്ളു. വളരെ അകലെ നിന്ന ഞങ്ങൾക്കു പോലും പക്ഷെ ആ ശബ്ദം ക്രിസ്റ്റൽ ക്ലിയറായിരുന്നു. വാക്കുകളുടെ അവിച്ഛിന്നമായ ഒഴുക്ക്. എന്തൊരു പ്രൗഢി. അതിലെ പദങ്ങൾ പലതും പുതുമയുള്ളതും. സദസ്സിൽ നിന്ന് ഇടയ്ക്കിടയ്ക്കുള്ള ഉയരുന്ന കൈയ്യടി അലങ്കാരമായി.മകനെ കുറിച്ച് അഭിമാനമേറെയുണ്ടായിരുന്ന അച്ഛമ്മയുടെ വാക്കുകൾ ഇന്നും മനസ്സിലുണ്ട്, 'കേൾക്കു മോനേ, എന്റെ കുഞ്ഞുപിള്ളയുടെ പ്രസംഗം. ഇങ്ങനെ വേണം പ്രസംഗിക്കാൻ'. സത്യത്തിൽ അതങ്ങു മനസ്സിൽപതിഞ്ഞു. പിൽക്കാലത്ത് ഞാൻ അധ്യാപകനായപ്പോഴും എന്റെ മനസ്സിലെ ഒരു പ്രാസംഗികന്റെ റോൾ മോഡൽ അദ്ദേഹമായിരുന്നു.

## ലെക്സിക്കണിന്റെ കാലം

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോന്റെ കാലത്താണ് മലയാളം ലെക്സിക്കൺ പ്രോജക്റ്റ് നടപ്പിലാക്കാൻ പ്ലാനിടുന്നത്. അതിനൊരു എഡിറ്ററെ നിയമിക്കാനായി ഒരു പാനൽ ഉണ്ടാക്കാൻനിയോഗിച്ചത് അദ്ദേഹത്തെ ആയിരുന്നു. അതു തയ്യാറാക്കി മുറപോലെ മേലോട്ട് അയച്ചു. പനമ്പിള്ളിയുടെ ഒരു ചെറിയ കുറിപ്പുമായി ആ ഫയൽ ഉടൻ തന്നെ മടങ്ങി. The Asst Secretary to meet me today itself. ചെന്നപ്പോൾ മുറിമുഴുവൻ മറ്റു ഉദ്യോഗസ്ഥന്മാരും, പരാതികളുമായി പൊതുജനവും. അവരെയൊക്കെ ധൃതിയിൽ പറഞ്ഞയച്ചിട്ട് അദ്ദേഹം പറഞ്ഞു, 'അങ്ങ് ഇരിക്കൂ. ലെക്സിക്കൺ എഡിറ്ററിനു വേണ്ടിയുള്ള തയ്യാറാക്കിയ പാനൽ കണ്ടു. അതവിടെ ഇരിക്കട്ടെ. ഗവൺമെന്റ് ഈ പ്രോജക്റ്റ് എടുക്കണമെങ്കിൽ അങ്ങു തന്നെ അതെടുക്കണം. അല്ലെങ്കിൽ ഇതു ഞാനിവിടെ ഡ്രോപ് ചെയ്യുകയാണ്. അങ്ങ് പണ്ടു പ്രസിദ്ധീകരിച്ച സഹൃദയ ലേഖനം ഞാനും വായിച്ചിട്ടുണ്ട്. അതു കാരണമാണ് ഞാൻ നിർബന്ധിക്കുന്നത്. അങ്ങയുടെ സർവ്വീസിനു ഒരു തരത്തിലുള്ള പ്രശ്നവുമുണ്ടാകില്ല. അതു ഞാൻ ഉറപ്പുതരുന്നു. വെറുമൊരു വാക്കാലുള്ള ഉറപ്പല്ല. ഉത്തരവിൽ അവ നിശ്ചയമായും ഉണ്ടാവും. ആദ്യം ഡെപ്യൂട്ടേഷനിലാണ് അയക്കുന്നത്. യൂണിവേഴ്സിറ്റിയിൽ ചെല്ലുമ്പോൾ അവിടത്തെ സർവ്വീസ് ഭേദപ്പെട്ടതായി തോന്നുകയാണെങ്കിൽ അതു അപ്പോൾ ആലോചിക്കാം. പിന്നെ അങ്ങയെ കുറിച്ച് ഒരു പരാതിയുണ്ട്, സീനിയേഴ്സ് പറഞ്ഞാൽ അനുസരിക്കില്ല എന്ന്, ശരിയാണോ അത്?.'

സത്യം പറയുന്നതാണ് എളുപ്പമെ

ന്നതുകൊണ്ട് അതാണ് പറഞ്ഞത്. 'ശരിയും, സത്യവും, ജനോപകാര പ്രദമെന്നും അന്യർക്കു ശല്യമൊന്നുമുണ്ടാക്കില്ല എന്ന് എനിക്കു ബോധ്യപ്പെടുന്ന കാര്യങ്ങളും മാത്രമേ ഞാൻ ചെയ്യാറുള്ളൂ. അല്ലാത്തതു ആരു പറഞ്ഞാലും ഞാൻ എതിർക്കാനൊന്നും നിൽക്കാറില്ല, പക്ഷെ അവ ഞാൻ ഉറപ്പായും ചെയ്യില്ല, സാറ് ഉദ്ദേശിക്കുന്നതു മനസ്സിലായി, ചീഫ് സെക്രട്ടറിയുടെ കോൺഫിഡെൻഷ്യൽ റിപ്പോർട്ടിനുള്ള മറുപടിയിൽ ഞാനതു പറഞ്ഞിട്ടുണ്ട്. സാറ് പറയുന്നത് ഏറ്റെടുക്കാൻ എനിക്കു സമ്മതമാണ്. ലെക്സിക്കൺ വർക്ക് എന്റെ ഒരു പാഷനുമാണ്. സർവീസിൽ എനിക്കു കുറെ നഷ്ടമാണു വരുന്നതെങ്കിലും ഞാനതു ചെയ്യാം'.

സെക്രട്ടേറിയറ്റിലെ ആവശ്യത്തിന് അധികാരമൊക്കെയുള്ള, സ്ഥാനക്കയറ്റം ഉറപ്പായുള്ള, ഒരുപക്ഷെ ഐ.എ.എസ്സു വരെ എത്തിപ്പെട്ട് കുറെക്കൂടി നീണ്ട സർവ്വീസു വരെ ലഭിക്കാനുള്ള ഒരു സ്ഥാനത്തു നിന്ന് തീർച്ചകളൊന്നും ഒട്ടും ഇല്ലാത്ത, അധികാരം ലേശവുമില്ലാത്ത, എന്തിനും ഏതിനും അധികാരികളെ ആശ്രയിക്കേണ്ടിവരുന്ന ഒരു സംവിധാനത്തിലേക്കു പോകുക എന്നത് അത്ര പ്രീതിദമായ പരിപാടി അല്ലായിരുന്നു. പക്ഷെ ഒരു ആയുസ്സു മുഴുവൻ പ്രാർത്ഥിച്ച ഒരു വരം താൻ ആവശ്യപ്പെടാതെ വന്നതിന്റെ സന്തോഷവും. തന്റെ മാഗ്നം ഓപ്പസായി ലെക്സിക്കൺ മാറുമെന്ന് അദ്ദേഹവും കരുതിയിരിക്കില്ല.

1953 ജൂൺ എട്ടാം തീയതി ആണ് മലയാളം ലെക്സിക്കൺ എഡിറ്ററായി ജോലി ആരംഭിക്കുന്നത്. ഒന്നുമില്ലാത്ത ഒന്നിൽ നിന്നു തുടക്കം. അതുവരെയുണ്ടായിരുന്ന നിഘണ്ടുക്കളുടെ മാതൃകയല്ല, തികച്ചും അധുനാതനമായ ഒരു നിഘണ്ടുവാണ് സങ്കൽപത്തിലുണ്ടായത്. ലിങ്ഗ്വിസ്റ്റ്ക്സ് ആശയങ്ങളെല്ലാം രൂപപ്പെടുന്നതേയുള്ളൂ. അപ്പോഴാണ് ആഗമികവും, ഭാഷാശാസ്ത്രപരവുമായ തത്ത്വങ്ങളെ ആധാരമാക്കി സമഗ്രമായ ഒരു മലയാളം മലയാളം ഇംഗ്ലീഷ് നിഘണ്ടു മനസ്സിൽ രൂപം കൊടുത്തത്.

ചെന്നുകയറാൻ ഒരു ഓഫീസോ, ഇരിക്കാൻ ഒരു കസേരയോ, മുറിയോ ഇല്ലാത്ത സംവിധാനം. കൂട്ടത്തിൽ ജോലിചെയ്യാൻ ഒരാളുമില്ല. അവിടെയാണ് സെക്രട്ടേറിയറ്റിൽ നിന്നു കിട്ടിയ ഔദ്യോഗിക ഭരണപരിചയം സഹായകരമായി വന്നത്. മലയാളം ലെക്സിക്കൺ എഡിറ്റർ പദവിയോടൊപ്പം മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ ഓണററി ഡയക്ടർ എന്ന പദവിയും ഏറ്റെടുക്കേണ്ടി വന്നു. എട്ടൊമ്പതു മാസത്തിനകം മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ പടിഞ്ഞാറേ ഭാഗത്ത് ഒരു പുതിയ ഓഫീസ് വിങ് ഉണ്ടാക്കിയെടുത്തു. എഡിറ്ററുടെ ഔദ്യോഗികമായ ഓഫീസിനു പുറമേ സ്റ്റാഫിനു ഇരിക്കാനും ജോലിചെയ്യാനുമുള്ള മുറികളും വിശാലമായ ഹാളുമായി ഒരു വലിപ്പമുള്ള ഇടം. ആവശ്യമുള്ള ഫർണിച്ചറുകളും മറ്റു സൗകര്യങ്ങളുമൊക്കെ നേടിയെടുക്കാൻ ഭരണപരിചയം അവശ്യമായിരുന്നു.


മലയാളപണ്ഡിതന്മാരിൽ നല്ലൊരു കൂട്ടത്തെയാണ് സ്റ്റാഫ് ആയി എടുത്തത്. അവരിൽ പലരും മികച്ച പണ്ഡിതന്മാരായിരുന്നെങ്കിലും അവർക്കു തികച്ചും അപരിചിതമായ മേഖലയായിരുന്നു ഈ പണി. പ്രാദേശിക പദങ്ങളുടെ ശേഖരത്തിനുവേണ്ടി കേരളമൊട്ടാകെ അദ്ദേഹം യാത്ര ചെയ്തത് നാട്ടുകാർക്കു അത്ഭുതമാണ് ഉണ്ടാക്കിയത്. എത്രയോ നിസ്വാർത്ഥരായ മലയാളികൾ അവരുടെ പരിചയത്തിലുള്ള പ്രാദേശിക പദങ്ങൾ അയച്ചു കൊടുത്തു.

ഈ യാത്രകൾക്കു വേറൊരു ഗുണം കൂടിയുണ്ടായി. മലയാളത്തിലെ അതിപ്രശസ്തനും പ്രഗത്ഭനുമായ ഔദ്യോഗിക ഔന്നത്യവുമുള്ള ആ മഹാപണ്ഡിതനെ സാദരം സ്വീകരിക്കാൻ സാധാരണ അനഭിഗമ്യത കാണിക്കുന്ന ഇല്ലങ്ങളും, ഉന്നത തറവാടുകളും സമ്പന്നരും ഒരുക്കമായിരുന്നു. അവരുടെയൊക്കെ വീട്ടിൽ വന്ന ആ വിശിഷ്ട അതിഥിക്ക്, അവർ ആർക്കും കൊടുക്കാതെ, ആരെയും കാണിക്കാതെ വച്ചിരുന്ന പഴയ താളിയോലഗ്രന്ഥങ്ങളും പുരാതന പുസ്തകങ്ങളും സമ്മാനിക്കാൻ സന്തോഷവുമായിരുന്നു. മാനുസ്ക്രിപ്റ്റ് ലൈബ്രറിക്കുവേണ്ടി അങ്ങനെ നേടിക്കൊടുത്ത പഴയഗ്രന്ഥങ്ങൾ നൂറുകണക്കിനായിരുന്നു. കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കു കാസറഗോഡു വരെയുള്ള ഭാഗങ്ങളിൽ സമസ്ത ജനതയുടേയും ഭാഷാഭേദങ്ങൾ നേരിട്ടു ബോധ്യപ്പെട്ടു നോട്ടുകളെഴുതിയെടുത്തായിരുന്നു യാത്രകൾ.

പഴയ മലയാളകാലം മുതൽ (ക്രി. വർഷം ഒമ്പതാം ശതകം) തൊട്ട് അന്നു വരെയുള്ള ഭാഷയിൽ ഉണ്ടായിരുന്നതും, അന്നു പ്രചരിക്കുന്നതുമായ എല്ലാ പദങ്ങളുടേയും ഭാഷാശാസ്ത്രപരവും, ആഗമികവുമായ പ്രകാരത്തിൽ പൂർണ്ണമായി പ്രതിപാദിക്കാനായിരുന്നു പിന്നത്തെ യത്നം. വ്യവഹാര ഭാഷയിലുള്ള പദങ്ങൾക്കു പുറമേ ലുപ്തപ്രചാരശബ്ദങ്ങളും, ഹൈന്ദവ, ക്രൈസ്തവ, മുസ്ലിം വിഭാഗങ്ങളിലെ പ്രത്യേക പദങ്ങളും അന്നുവരെയുള്ള ശാസ്ത്ര സാങ്കേതിക ശബ്ദങ്ങളും, പ്രാദേശിക പദങ്ങളും ഒക്കെ സംഭരിച്ചു.

ആദ്യത്തെ വർഷങ്ങൾ തൊട്ടു തുടങ്ങിയതാണ് സാമഗ്രി സംഭരണവും, ലേഖനങ്ങളുടെ നക്കൽ രചനയും പിന്നെ പ്രസാധന മുദ്രണങ്ങൾ പ്ലാൻ ചെയ്യലും.1960 ആയപ്പോഴേക്കും പതിനഞ്ചു ലക്ഷത്തിലധികം കാർഡുകളിൽ നിഘണ്ടുവിന്റെ പൂർണ്ണ അടിസ്ഥാനമായി, ഏകദേശം 1000 ലധികം പേജുകളുള്ള ഏഴെട്ടു വാല്യങ്ങളുള്ള നിഘണ്ടുവിന്റെ മുഴുവൻ നക്കലും അപ്പോഴേക്കും പൂർത്തിയായി.

പിന്നെയായിരുന്നു മുദ്രണത്തിനു വേണ്ട ശ്രമം. കേരളത്തിലെ ഒരു പ്രിൻറിങ്ങ് പ്രസ്സിനും ഏറ്റെടുക്കാൻ ഒക്കാതിരുന്ന പണിയാണ് ധാരാളം തിരക്കുണ്ടായിരുന്ന ഗവൺമെൻറ് പ്രസ് ഏറ്റെടുത്തത്. കമ്പ്യൂട്ടറുമൊന്നുമില്ലായിരുന്ന കാലമാണെന്നു ഓർക്കണം.



സദസ്യതിലകൻ ടി.കെ.വേലുപിള്ളയുടെ അഭിനന്ദനകത്ത്



RAO SAHIB
ULLUR S.PARAMESWARA IYER
MA., BL, MLA
RETIRED DEWAN PESHCAR.

SARADANIKETAN,
TRIVANDRUM
1-12-49

**TESTEMONIAL**

*I know Mr. Suranad P N Kunjan Pillai very intimately and it gives me great pleasure to place on record my deep appreciation his character and culture. He has passed the MA Degree Examination in both English and Sanskrit- a rare phenomenon even in these days of intensive specialization. He is a profound scholar not only in these languages but also in Malayalam. He has already made his mark in the field of literary criticism, and several papers he has earlier carefully brought out on these subjects reveal his keen sense of insight extensive learning and refined faculty for appreciation.*

*I have not come across in recent years another young man with such cognitive achievements and it is my emphatic opinion that he eminently deserves to be a lecturer either in a first Grade English College or in the local Sanskrit College. It is difficult at best to discern a peak when the table land is so elevated but even then a peak of more than normal height must be easily susceptible for perception and that I am glad to state is the position of Mr. Kunjan Pillai. He is a young man excellent character and if given more access and opportunity he will have a brilliant future. My best wishes for him for a very promising career which ever field he chooses. I would add that the Government owes it to themselves to lend a helping hand to a youngster of his caliber*

*sd- S. Parameswara Aiyer*

മഹാകവി ഉള്ളൂരിന്റെ സാക്ഷ്യപത്രം

സാമാന്യഗതിയിൽ ഗവൺമെൻറ് പ്രസ്സിനു ഈ ആവശ്യം നിരാകരിക്കാവുന്ന കാലമായിരുന്നു. പക്ഷെ അന്നത്തെ പ്രസ് സൂപ്രണ്ടു ശ്രീ. സ്വാമിനാഥൻ അത് ഏറ്റെടുത്തത് സന്തോഷത്തോടെ ആയിരുന്നു. അതിനു വേണ്ട ഡയക്രിറ്റിക്കൽ മാർക്സ് ഇല്ലായിരുന്നതുകൊണ്ട് അതു സംഘടിക്കാൻ അവർ പെട്ട പാട് കടുത്തതായിരുന്നു. ആ ജോലിക്കു മാത്രമായി മിടുക്കന്മാരായ ഒരു കൂട്ടം പ്രസ്ജീവനക്കാരെ സൂപ്രണ്ടു പ്രത്യേകംനിയോഗിച്ചു. അതിനു മേൽനോട്ടം വഹിക്കാൻ ലെക്സിക്കൺ എഡിറ്ററും ചെല്ലും.

1200 പേജുള്ള ഒന്നാം വാല്യത്തിൽ അ എന്ന ആദ്യാക്ഷരത്തിലുള്ള വാക്കുകൾ മാത്രമാണ്. പന്തീരായിരം വാക്കുകൾ, ഒരു ലക്ഷത്തോളം ഉദാഹരണോദ്ധാരണങ്ങളും പ്രമാണ സൂചനകളും. അതിദീർഘമായ അവതാരികയും അതെക്കാളും എത്രയോ പ്രധാനമായി മലയാള പദപഠനങ്ങളിൽ അത്യുഗ്രമായ 105 പേജുകളുള്ള ക്രിയാഗണവിഭാഗം കൂടി അതിലുണ്ട്.

ആ വാല്യം പ്രകാശിപ്പിച്ചത് അന്നത്തെ വൈസ് ചാൻസലറായിരുന്ന ഡോ. സാമുവൽ മത്തായി ആയിരുന്നു. ഈ പ്രകാശനവും മറ്റും മഹോത്സവങ്ങളാക്കാൻ താൽപര്യമില്ലായിരുന്നതുകൊണ്ടാണ് ഒരു ലോ കീ മട്ടിൽ അങ്ങനെ ചെയ്തത്. സ്വാഭാവികമായും അതൊരു രാഷ്ട്രീയമേള ആക്കാത്തതിൽ പലർക്കും വല്ലായ്മയുണ്ടായിരുന്നു. അവരത് അറിയിക്കുകയും ചെയ്തു. കേരളപണ്ഡിത സമൂഹത്തിൽ ആദ്യം വളരെ കുറച്ചുപേർ മാത്രമാണ് അതു കണ്ടെന്നു നടിച്ചത്. ശ്രീമാൻമാർ എൻ ഗോപാല പിള്ളയും, വടക്കുംകൂർ രാജരാജവർമ്മയും, സർദാർ. കെ. എം. പണിക്കരും ഡോ. ഭാസ്കരൻനായരും മറ്റു ചിലരും മാത്രമാണ് ഈ കൃതിയുടെ അപൂർവ്വ ഗൗരവം ആദ്യം ചൂണ്ടിക്കാണിച്ചെങ്കിലും എഡിൻബറോ യൂണിവേഴ്സിറ്റിയിലെ ലിംഗ്വിസ്റ്റിക്സ് പ്രൊഫസർ ഡോ. റൊനാൾഡ് ആഷർ (Ronald Eaton Asher. 1926 – 2022) ഇതു കണ്ടു ആശ്ചര്യപ്പെട്ടു തിരുവനന്തപുരത്തു വന്ന് അച്ഛനെ അനുമോദിക്കേണ്ടിവന്നു ഇതിന്റെ മഹത്വം മലയാളികൾ പൊതുവേ അംഗീകരിക്കാൻ. സായിപ്പാണ് പറഞ്ഞത് 'വിശ്വഭാഷകളിലെ മഹത്തായ നിഘണ്ടുക്കളിൽ അത്യുന്നതസ്ഥാനമാണ്' ഈ ലെക്സിക്കണെന്ന്. അപ്പോഴാണ് നമ്മുടെ ആൾക്കാർ മനസ്സിലാക്കുന്നത് ഇതൊരു ഗംഭീരസംഭവമാണല്ലോ എന്ന്.

പിന്നുള്ളവാല്യങ്ങളുടെ പണി അതിദ്ധ്രുതിയിൽ നടക്കുകയായിരുന്നു. ലെക്സിക്കണിന്റെ ഏഴെട്ടു വാല്യങ്ങളുടെ പൂർണ്ണ നക്കലും തീർന്നു കഴിഞ്ഞിരുന്നു. എന്നാലും ഫൈനൽ എഡിറ്റിങ്ങിനും തെറ്റു തിരുത്തലുകളിനും മുദ്രണത്തിനും ഉള്ള താമസം നിശ്ചയമായും ഉണ്ടായിരുന്നു. 1500 പേജുകളുള്ള രണ്ടാം വാല്യത്തിൽ 13700 വാക്കുകളാണ്. പിന്നെ രാമകഥാപാട്ടിന്റെ ചരിത്രപരവും, ഭാഷാശാസ്ത്രപരവുമായ പ്രത്യേകതകൾ കൊണ്ട് അതിലെ ഉദ്ധരണികൾ അതതു ലേഖനങ്ങളിൽ ചേർക്കുന്നതിനെക്കാൾ യുക്തമെന്നു കണ്ട് പ്രത്യേകം ഒരു അനുബന്ധമായാണ് ചേർത്തത്.

രണ്ടാം വാല്യം പ്രിന്റിങ്ങ് പോയപ്പോൾ മുതൽ മറ്റു വാല്യങ്ങളുടെ എഡിറ്റിങ്ങും തുടങ്ങി. ലെക്സിക്കൺ വർക്കു നടക്കുന്ന സമയത്തു തന്നെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ ഗവേഷണ പ്രസിദ്ധീകരണ ജോലികളിലും ശ്രദ്ധകൊടുക്കേണ്ടിയിരുന്നു. ആ ലൈബ്രറിയ്ക്കു വേണ്ട പുസ്തകശേഖരം മുതൽ പഴയ പുസ്തകങ്ങളുടെ പഠനങ്ങളും പ്രസിദ്ധീകരണങ്ങളും അതിവേഗത്തിലാണ് • പുരോഗമിച്ചത്. ഭാഷാ ത്രൈമാസികത്തിന്റെ എഡിറ്ററും കൂടി ആയിരുന്നതുകൊണ്ട് അതിന്റെ ബദ്ധപ്പാട് വേറെ. ആ സമയത്ത് പ്രകാശിതമായ പുസ്തകങ്ങളും രേഖകളും പലതായിരുന്നു. അവന്തി സുന്ദരി, അലങ്കാരസംക്ഷേപം, അനന്തപുരവർണ്ണനം ഉണ്ണിച്ചിരുതേവി ചരിതം, വില്ലടിച്ചാൻ പാട്ട്, പൊന്നിറുത്താൾ കഥ, ചക്രവാക സന്ദേശം, പഠനം, ടിപ്പണി, സംഗീത ശാസ്ത്രം, ജ്ഞാനമുത്തുമാല, രാമചരിത വ്യാഖ്യാനം, അശോകവനികാങ്കം ന്യായവൈശേഷികശാസ്ത്രം, വർണ്ണവിധികൾ, കളരിവിദ്യ, തോറ്റം പാട്ട് എന്നിവ പ്രശസ്തിനേടി.

## ലെക്സിക്കൺ അല്ലാത്ത മേഖലകൾ

വൈജ്ഞാനിക സാഹിത്യത്തിനു കൊടുത്ത ശ്രദ്ധ നിഹനിച്ചത് അദ്ദേഹത്തിന്റെ സർഗ്ഗാത്മക സാഹിത്യത്തെ ആയിരുന്നു. കുഞ്ഞുന്നാളിലെ ഉണ്ടായിരുന്ന കവിതയെഴുത്ത് മിക്കവാറും നിലച്ചു. അതിരാവിലെ എഴുന്നേറ്റ് വീട്ടിന്റെ തെക്കുവശത്തുള്ള വരാന്തയിൽ തനിച്ചിരുന്ന് കവിത ചൊല്ലുകയും എഴുതുകയും ചെയ്യുന്നത് സാധാരണയായിരുന്നു. നാലഞ്ചു കവിതാഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഞങ്ങളൊക്കെ സ്കൂൾ ക്ലാസ്സുകളിൽ അദ്ദേഹത്തിന്റെ കവിതകൾ ചിലതു പഠിച്ചിട്ടുമുണ്ട്. ശ്രീ. തിരുനല്ലൂർ കരുണാകരൻ മാത്രമല്ല, ശ്രീമതി വിജയലക്ഷ്മിയും ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരിയും. ശ്രീ. ചെമ്മനം ചാക്കോയും, ശ്രീ. ഏവൂർ പരമേശ്വരനും ഒക്കെ അദ്ദേഹത്തിന്റെ കവിതാരചനകളെ കുറിച്ച് നല്ല കവിതകൾ എഴുതിയിട്ടുണ്ട്.

ഇതിനും പുറമേ ആയിരുന്നു വിവിധസംഘടനകളിൽ നിന്നും, വിദ്വൽ സദസ്സുകളിൽ നിന്നും, വേറെ ഒഴിവാ

ക്കാൻ വയ്യാത്ത പണ്ഡിതന്മാരിൽ നിന്നും പല പഴയ മലയാളം കൃതികളെ കുറിച്ചും, പഴയ കേരളചരിത്രത്തെ കുറിച്ചും പഠനങ്ങളെഴുതിക്കൊടുക്കാൻ അപേക്ഷകളും. നിരണം കവികളുടെ സംഭാവനകളും, കണ്ണശ്ശന്റെ കൃതികളും, പൂനം നമ്പൂതിരിയുടെ ഭാഷാരാമായണചമ്പുവും, രാമപുരത്തു വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടും പാറമേക്കാട്ടിലച്ചന്റെ വർത്തമാന പുസ്തകവും, ഉണ്ണായിവാര്യരും, ഇരയിമ്മൻ തമ്പിയും, ശീവൊളി നമ്പൂതിരിയുടെ ദാത്യൂഹസന്ദേശവും, വള്ളത്തോൾ, ഉള്ളൂർ, കുമാരൻ ആശാൻ പഠനങ്ങളും ഒക്കെ അങ്ങനെ വന്നതാണ്. ഒരു മഹാ ദുരന്തമായി ഞാൻ സൂചിപ്പിക്കേണ്ടത് മൂന്നു ഖണ്ഡങ്ങളായി അദ്ദേഹം ചെയ്ത ടഗോർ സെന്ററിനറി ഇംഗ്ലീഷ് പ്രഭാഷണമാണ് (Vedas and Vedantas). അതിന്റെ ടൈപ്പു ചെയ്ത സ്ക്രിപ്റ്റ് യൂണിവേഴ്സിറ്റിക്കു കൊടുത്തത് എവിടെയോ ഭദ്രമായി കാറ്റും വെളിച്ചവും കൊള്ളാതയോ, ചിതലിനു ആഹാരമായോ ഇന്ന് അലഭ്യമാണ്. വളരെ ആഴത്തിലുള്ള ആ പഠനത്തിന്റെ ഒരു ഓഫീസ് കോപ്പി പോലും ഇല്ല എന്നത് നിർഭാഗ്യമായിപ്പോയി.

പലയിടത്തും ചിതറിക്കിടക്കുന്ന അദ്ദേഹത്തിന്റെ സമാഹരിക്കാത്ത കൃതികൾ ഒന്നു ഒരുകൂട്ടാൻ ഒരു കാലത്തു ശ്രമം ഉണ്ടായതാണ്, ഫലത്തിലെത്തിയില്ല എന്നതു സത്യം. ഇതെക്കാളും അദ്ദേഹത്തിന്റെ സമയം അപഹരിച്ചിരുന്നത് എത്രയോ എത്രയോ ചെറുപ്പക്കാരായ എഴുത്തുകാരുടെ കൃതികൾക്ക് അവതാരികകൾ എഴുതിക്കൊടുത്തതായിരുന്നു. തെറ്റുകൾ തിരുത്തിക്കൊടുക്കും, കുറെക്കൂടി എഴുത്തു ശരിയാക്കിക്കൊടുക്കും, നല്ല വാക്കുകൾ കൊണ്ട് അഭിനന്ദിക്കുകയും ചെയ്യും. അച്ഛന്റെ സുഹൃത്തുക്കൾ ചോദിക്കാറുണ്ടായിരുന്നു എന്തിനിങ്ങനെ ഇവർക്കു വേണ്ടി സമയം കളയുന്നു എന്ന്. ഉത്തരം ലളിതമായിരുന്നു. 'ഒരുപക്ഷെ ഇതോടെ അയാളുടെ എഴുത്തു നന്നായിക്കൂടാ എന്നില്ലല്ലോ. ഹസിച്ചുവിടുകയാണെങ്കിൽ അയാൾ എഴുത്തെ ഉപേക്ഷിച്ചെന്നും വരും. അതു കഷ്ടമാകുമല്ലോ?'. അച്ഛന്റെ ബിബ്ലിയോഗ്രാഫി തയ്യാറാക്കുന്ന സമയത്ത് അവരിൽ ഒരാൾ ഒരു കണക്കെടുത്തു, ചെറുതും വലുതുമായി നൂറുനൂറു അവതാരികകൾ.


എന്തെല്ലാം സമ്മേളനങ്ങൾ, ചർച്ചകൾ ആയിരുന്നു അദ്ദേഹം പങ്കെടുക്കാൻ ചെന്നത്. ആരും അറിയാത്ത എത്രയോ വലിയ സംഘടനാചാതുര്യവും. മിക്കതും അരങ്ങിൽ നിന്നു മാറി നിന്നു സകല സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നവ. ഔദ്യോഗികമായും അല്ലാതെയും. സകലരെയും ഇഷ്ടമാണ്, സഹായിക്കുകയും ചെയ്യും. കേന്ദ്ര സാഹിത്യ അക്കാദമി തുടങ്ങിയ കാലം മുതൽ കുറെയേറെ നാളത്തേക്കു മലയാളത്തിൻറെ പ്രതിനിധിയായിരുന്നു. കേരള സാഹിത്യ അക്കാദമി തുടങ്ങുന്നത് ഗവർണർ ആയിരുന്ന ബഹുമാനപ്പെട്ട ശ്രീ. രാമകൃഷ്ണ റാവുവിന്റെ കാലത്താണ്. അതിന്റെ പ്രാരംഭജോലികൾ മുഴുവൻ ശ്രീ. റാവു ഏൽപ്പിച്ചതും ഇദ്ദേഹത്തിനെ ആണ്. ആദ്യത്തെ ജ്ഞാനപീഠത്തിന്റെ അവാർഡ് നിർണ്ണയകമ്മിറ്റിയുടെ മലയാളം സെക്ഷന്റെ ചർച്ച ലെക്സിക്കൺ ഓഫീസിൽ വച്ചായിരുന്നു. ശ്രീ. എൻ. വി.കൃഷ്ണവാര്യരും ഡോ. എസ്.കെ നായരും, അച്ഛനുമായിരുന്നു. അതിനുശേഷം വീണ്ടും അതിനു വേണ്ട ചർച്ചകൾക്ക് ഡൽഹിക്കും പോകേണ്ടി വന്നതും ഞാൻ മുമ്പ് വിശദമായി എഴുതിയിട്ടുണ്ട്. സാഹിത്യ പരിഷത്തിന്റെ അദ്ധ്യക്ഷനായിരുന്നു അതിന്റെ മദ്രാസ് സമ്മേളനകാലത്ത്.

ഈ ജോലികൾക്കു വേണ്ട ശ്രമം കടുത്തതായിരുന്നു. രാവിലെ ഒമ്പതര പത്തുമണിക്ക് ഓഫീസിൽ വന്നാൽ ഇരിപ്പു സഹപ്രവർത്തകരെപ്പോലെ മെയിൻ ഹാളിൽ തന്നെയാവും. അവധി ദിവസങ്ങളൊന്നുമില്ല, ലീവ് എടുക്കുന്ന പ്രശ്നവുമില്ല. (എൻറെ ചേച്ചി സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥ ആയപ്പോഴാണ് അവകാശ അവധി ഏൺഡ് ലീവ് എടുത്തില്ലെങ്കിൽ അത് മടക്കിക്കൊടുത്ത് തുക മേടിക്കാമെന്ന വിവരം പറഞ്ഞു കൊടുക്കുന്നത്. അതു ചെന്നു പറഞ്ഞുകൊടുത്തപ്പോൾ ഉത്തരം കേട്ട് ചേച്ചി വല്ലാതായി. അതു കള്ളം കാണിക്കലല്ലേ, ലീവ് സറണ്ടർ ചെയ്യുക എന്നതൊന്നും എനിക്കു വേണ്ട)

രാവിലെ ഓഫീസിൽ വന്നാൽ ഇടയ്ക്ക് പോയി ഒന്നും കഴിക്കുന്ന ശീലമില്ല. ഉച്ചയ്ക്ക് ഊണിനു മാത്രം തന്റെ മുറിയിൽ പോകും, അരമണിക്കൂറിനകം തിരിച്ചുവരും. കൂടെയുള്ളവർ നാലര അഞ്ചുമണിക്കു പോയാലും അദ്ദേഹത്തിന്റെ പതിവ് ഏഴര എട്ടു മണിവരെയാണ്. അപൂർവ്വം ചില പണ്ഡിതാതിഥികൾ വന്നാൽ അവരോടു സംസാരിക്കും, അവരുടെ സംശയ നിവാരണം വരുത്തും, വിശദീകരിച്ചു കൊടുക്കും. അല്ലെങ്കിൽ ഒരു മുനിയെപ്പോലെ ജോലിയിൽ മാത്രം മുഴുകും. സ്ക്രൈബുകളായും, മറ്റും ധാരാളം പേരുണ്ടായിരുന്നു.

അദ്ദേഹത്തിനു ഒരു താത്പര്യമുണ്ടായിരുന്നു. താൻ തയ്യാറാക്കിയ നക്കൽ മുഴുവൻ എഡിറ്റുചെയ്തു ബാക്കി അഞ്ചാറുവാല്യങ്ങൾ കൂടി മുദ്രണം ചെയ്തു പൂർത്തീകരിച്ച് തന്നെ ഏൽപ്പിച്ച ജോലി ഭദ്രമായി തീർത്തു കൊടുക്കണമെന്ന്. അതിനു എങ്ങനെയാണെങ്കിലും ഏഴെട്ടുകൊല്ലം കൂടി വേണ്ടിവരും. 1970 ഔദ്യോഗികമായി യൂണിവേഴ്സിറ്റിയിൽ നിന്നു റിട്ട





അച്ഛനും മകനും

ർ ചെയ്യേണ്ടതാണ്. പക്ഷെ അദ്ദേഹത്തിന്റെ ഔദ്യോഗിക സർവ്വീസ് നീട്ടിക്കൊടുക്കാൻ യൂണിവേഴ്സിറ്റി അധികൃതരിൽ പലരും ആഗ്രഹിച്ചിരുന്നതാണ് താനും. പക്ഷെ യശഃപ്രാർത്ഥികളായ മറ്റു ചിലർ നേരെ തിരിച്ചും. വരുന്നതുപോലെ വരട്ടെ എന്ന് കരുതി അടുത്ത വാല്യങ്ങളുടെ ഫൈനൽ എഡിറ്റിങ്ങ് ജോലിത്തിരക്കിൽ മുഴുകുകയും ചെയ്തു.

**ലെക്സിക്കണിൽ നിന്നു പടിയിറക്കം**

രണ്ടാംവാല്യം പ്രകാശനം ചെയ്യാനായപ്പോൾ അദ്ദേഹത്തിന്റെ മേൽ കനത്തതായ സമ്മർദ്ദം വന്നുതുടങ്ങി. മലയാള വൈജ്ഞാനിക സാഹിത്യത്തിന്റെ ഏറ്റവും മികച്ച ആ കൃതി ആഡംബരമായാണ് പ്രകാശിപ്പിക്കേണ്ടതെന്ന്. അദ്ദേഹത്തിന്റെ പ്ലാൻ കഴിഞ്ഞ തവണത്തെപ്പോലെ ചെറിയ രീതിയിൽ യൂണിവേഴ്സിറ്റിയുടെ തന്നെ ഒരു ചടങ്ങുമതിയെന്നായിരുന്നു. അതുപോരാ എന്ന നിർബന്ധത്തിൽ യൂണിവേഴ്സിറ്റിക്കാർ തന്നെ ഒരു പ്രമുഖനെ നിർദ്ദേശിക്കുന്നു. അദ്ദേഹത്തിനെ കാണാൻ സമയവും നിശ്ചയിച്ചുകൊടുക്കുന്നു. ആ ശ്രീമാൻ ഇത് അങ്ങാടിയാണോ പച്ചയാണോ എന്നു പോലും അറിഞ്ഞുകൂടാത്ത ഒരു അധികാരിയും. കാണാൻ ചെല്ലുന്നതിനു മുമ്പ് അദ്ദേഹം ഒരു നിബന്ധനവച്ചു. ലെക്സിക്കൺ ജോലി തുടങ്ങിയിട്ട് പതിനേഴുകൊല്ലമായി. ഇതുവരെ രണ്ടു വാല്യമേ പ്രസിദ്ധീകരിച്ചുള്ളൂ. ഇനിയുള്ള അഞ്ചുകൊല്ലം കൊണ്ട് ബാക്കിയുള്ളവ തീർക്കണം.

ലെക്സിക്കന്റെ മുഴുവൻ നക്കൽ ജോലിയും തീർത്തതാണെന്നും ബാക്കിയുള്ള വാല്യങ്ങളെ എഡിറ്റു ചെയ്തു മുദ്രണം ചെയ്യുന്ന പണിയേ ബാക്കിയുള്ളതെന്നും, ഭാഷാശാസ്ത്രത്തിൽ അതിഗഹനമായ അറിവുള്ള ആളുടെ അതിശ്രദ്ധയോടുകൂടിയ വേണ്ട പണിയാണ് എഡിറ്റിങ്ങെന്നും അതിനു തിരക്കു കൂട്ടാൻ ആവില്ലെന്നും, അദ്ദേഹം സൂചിപ്പിച്ച അഞ്ചുകൊല്ലം അസ്വീകാര്യമാണെന്നും, കുറഞ്ഞത് ഏഴെട്ടുകൊല്ലം കൂടി വേണ്ടിവരുമെന്നും ഔദ്യോഗികമായി തന്നെ മറുപടി അയച്ചു.

പിന്നെ എന്തു നടന്നു എന്നുള്ളത് വിടുന്നു. യൂണിവേഴ്സിറ്റി പ്രൊഫസറന്മാരുടെ സർവ്വീസന്ന് 60 വയസ്സുവരെയാണ്. രണ്ടാം വാല്യം പ്രസിദ്ധീകരിച്ചത് ആ സമയത്തും. അതുവരെ അവധിയൊന്നും എടുക്കാത്ത അദ്ദേഹം വളരെ സൗമ്യമായി തന്നെ പിരിയുന്നതിനു മുമ്പുള്ള അവധിയിൽ പോകുകയും ചെയ്തു. ആരെയൊക്കെയോ ചെന്നു കാണണമെന്ന് യൂണിവേഴ്സിറ്റി അധികാരികൾ നിർദ്ദേശിച്ചിരുന്നു. തന്റെ ഒരു ലാഭത്തിനും വേണ്ടി ആരെയും അതുവരെ ചെന്നു കണ്ടിട്ടില്ലാത്ത ആൾ അപ്പോൾ തന്റെ ആവശ്യത്തിനു വേണ്ടി അധികാരികളെ ചെന്നു കാണുക എന്നതിനു ഒരു താൽപര്യവുമില്ലായിരുന്നു. പോയുമില്ല. ഏതായാലും യൂണിവേഴ്സിറ്റി തനിച്ച് ഒരു തീരുമാനവും എടുത്തുമില്ല.

ലെക്സിക്കോഗ്രാഫിയെ കുറിച്ച് അറിയുന്നവർ അധികൃതരുടെ ഈ അനാസ്ഥയെ കുറിച്ച് അതിനിശിതമായ വിമർശനങ്ങളാണ് ഉന്നയിച്ചത്. അതിലേറ്റവും മർമ്മഭേദിയായിരുന്നത് ഡോ. കെ. ഭാസ്കരൻ നായരുടെ കേരളകൗമുദി ലേഖനമായിരുന്നു 'ആനയെ കാണാനും വെള്ളെഴുത്തോ?' എന്നായിരുന്നു അതിന്റെ തലക്കെട്ട്. ലെക്സിക്കൺ പൂർത്തിയാകണമെങ്കിൽ ശൂരനാട്നിശ്ചയം തുടർന്നേ ആകൂ എന്നും ഇല്ലെങ്കിൽ അത് അദ്ദേഹം ഏറെക്കുറെ പൂർത്തീകരിച്ചു വച്ച രണ്ടുമൂന്നു വാല്യങ്ങൾ കൂടി കഴിഞ്ഞാൽ പൂർണ്ണമായി നിശ്ചലമാകും എന്നായിരുന്നു ഡോ. ഭാസ്കരൻ നായരുടെ വാദം.

അറുപത്തഞ്ചുവരെ സർവ്വീസ് നീട്ടിക്കൊടുത്താൽ 1976 ആകുമ്പോഴേക്കും അദ്ദേഹം തന്നെ ആ പണി തീർച്ചയായും പൂർണ്ണമാക്കും എന്ന് യൂണിവേഴ്സിറ്റിക്കും ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് പിന്നെയും അദ്ദേഹത്തെ സ്വാധീനിക്കാൻ സാധ്യതയുണ്ടെന്നു കരുതിയ ഡോ. വി. ഐ സുബ്രഹ്മണ്യത്തെയും ഡോ. ഭാസ്കരൻ നായരെയും പോലുള്ള പലരെയും പല വാഗ്ദാനങ്ങളുമായി സമീപിച്ചു നോക്കി. അവരെല്ലാം ഒറ്റയടിക്കു നിരസിച്ചത് എന്തു തന്നെ വന്നാലും യൂണിവേഴ്സിറ്റി പഴയതുപോലെ അദ്ദേഹത്തെ തുടരാൻ അനുവദിച്ചില്ലെങ്കിൽ ആ ജോലി പൂർണ്ണമായും മുടങ്ങും അധികം വൈകാതെ എന്നായിരുന്നു. ആ വാദം തന്നെയായിരുന്നു മലയാളപണ്ഡിതസമൂഹത്തിനും.

ലെക്സിക്കന്റെ പിന്നുള്ള ചില വാല്യങ്ങൾക്ക് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ചില മിടുക്കരായിരുന്നു നേതൃത്വം കൊടുത്തത്. അദ്ദേഹം മിക്കവാറും പൂർത്തിയാക്കി വച്ച ജോലിയുടെ അവസാനമിനുക്കു പണികളായിരുന്നു ചെയ്യേണ്ടി വന്നത്. ലെക്സിക്കണിന്റെ പ്രസിദ്ധീകരിച്ച വാല്യങ്ങളിൽ മിക്കതും എന്റെ കൈയ്യിലുണ്ട്. അവസാനമായി ഇറങ്ങിയത് എനിക്കു കിട്ടിയിട്ടില്ല. അതിനെകുറിച്ച് കേൾക്കുന്ന കഥ സത്യമല്ലാതിരിക്കട്ടെ എന്നാണ് പ്രാർത്ഥന. ആ മഹത്തായ ജോലി അദ്ദേഹം ചെയ്തതുപോലെ

ചെയ്യാൻ കഴിവുള്ള ആരെങ്കിലും ഇനിയും വരുമായിരിക്കും. ഭവഭൂതി പറഞ്ഞപോലെ (ഉത്പസ്യതേ മമതുകോപി സമാനധർമ്മാ:) അദ്ദേഹത്തിനു സമാനനായി ഒരാളുണ്ടാവും (അതോ ഇപ്പോഴുള്ള കൂട്ടത്തിൽ തന്നെ ഉണ്ടോ?) കാലം നിരവധിയും പൃഥ്വി വിപുലയുമാണല്ലോ?

കേരള യൂണിവേഴ്സിറ്റിയുടെ ഏറ്റവും പ്രശസ്തമായ പ്രോജക്റ്റ് ലെക്സിക്കൺ ആണ്. അതിന്റെ സംഭരിച്ച വാഗ്ശേഖരവും അനുബന്ധ ഡാറ്റകളും സൂക്ഷിക്കുക എന്നത് യൂണിവേഴ്സിറ്റിയുടെ മാത്രമല്ല, ഗവൺമെൻറിന്റേയുംആവശ്യമാണ്. ഇന്നത് എളുപ്പം സാധ്യവുമാണ്. മുഴുവൻ ഡിജിറ്റലൈസ്ഡ് ചെയ്തെടുത്താൽ ഏതെങ്കിലും ഒരു കാലത്ത് അവ സമർത്ഥമായി ഇനിയും ഉപയോഗിക്കാനാവും. അതുപോലെ ഒന്നാം വാല്യത്തിൻറെ അവസാനമുള്ള ക്രിയകളുടെ ഗണ വിഭാഗം മുതലായവ പ്രത്യേകമായി എടുത്തു പ്രസിദ്ധീകരിക്കാവുന്നതല്ലേ? അതെക്കാളും നന്ന് പ്രസിദ്ധീകരിച്ച് 53 വർഷം കഴിഞ്ഞ സ്ഥിതിക്ക് ഇവയുടെയൊക്കെ ഡിജിറ്റലൈസ്ഡ് പതിപ്പ് കേരള സർക്കാറിനു തന്നെ ജനത്തിനു സൗജന്യമായി നൽകാവുന്നതല്ലേ?

## മരിച്ചിട്ടും മരിക്കാതെ.

1995 മാർച്ച് എട്ട് പുലർച്ചയ്ക്കാണ് അദ്ദേഹം നിര്യാതനായത്. മലയാളത്തിലെ വേറൊരു പണ്ഡിതനും കിട്ടാത്ത ഉപചാരമാണ് ഈ നാട് അദ്ദേഹത്തിനു കൊടുത്തത്. ദിവസങ്ങളോളം പത്രമാധ്യമങ്ങൾ അദ്ദേഹത്തെ കുറിച്ചുള്ള മുഖലേഖനങ്ങളും, ഓർമ്മക്കുറിപ്പുകളും പ്രസിദ്ധീകരിച്ചു. എത്രയോ നേതാക്കൾ എത്ര തവണ പറഞ്ഞിരിക്കുന്നു അദ്ദേഹത്തിന്റെ ഓർമ്മ നിലനിറുത്താൻ ഗവേഷണകേന്ദ്രങ്ങൾ വരുന്നു എന്നൊക്കെ! ഇതുവരെ കാര്യമായി ഒന്നും വന്നില്ല എന്നതും സത്യം. പ്രൊഫ. ഗോപാലകൃഷ്ണ പിള്ളയുടെ പതാരത്തുള്ള ശാന്തിനികേതൻ സ്കൂളിലെ ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ള ലൈബ്രറിയും, ശൂരനാട് തെക്ക് ആ പഞ്ചായത്തു വക ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള സ്മാരക ഗവേഷണകേന്ദ്രവും മറന്നല്ല ഇതെഴുതുന്നത്. ശൂരനാട്ടും, തിരുവനന്തപുരത്തും അദ്ദേഹത്തിന്റെ സ്മാരകത്തിനായി ഗവേഷണകേന്ദ്രങ്ങൾ തുടങ്ങണമെന്ന എന്റെ അഭ്യർത്ഥനകൾ ഇതുവരെ സഫലമായുമില്ല.

ഞാൻ കൂടി മുന്നിട്ടു നിന്നു തുടങ്ങിയ ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ള പ്രഭാഷണ പരമ്പരയിൽ ആദ്യത്തേത് നടത്തിയത് ഡോ. കെ. എം ജോർജായിരുന്നു. ആ പരിപാടി തുടരാനുമായില്ല.പക്ഷെ കരമന എൻ.എസ് എസ്സ് സമാജം അവരുടെ വാർഷികാഘോഷപരിപാടിയുടെ കൂടെ ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ള പ്രഭാഷണവും മുടങ്ങാതെ നടത്തുന്നുണ്ട്. പ്രൊ. ലീലാവതിയും, പ്രൊ. വസന്തനും ഡോ. എംജി.എസ് നാരായണനും മറ്റുമാണ് ആ പുരസ്കാരം നേടിയവർ. ഇക്കൊല്ലം മുതൽ അപ്പന്റെ പേരക്കുട്ടികൾ ചേർന്നു നടത്തുന്ന ഒരു വാർഷിക പ്രഭാഷണ പരമ്പര തുടങ്ങിയിട്ടുണ്ട്. ഡോ. ശശിഭൂഷണൻ ആയിരുന്നു ഇക്കൊല്ലത്തെ പ്രഭാഷകൻ. അതിന്റെ നടത്തിപ്പുകാരായ ശ്രീമതി ഉഷാ നായരുടേയും ഡോ. ജയശ്രീ നായരുടേയും മറ്റും മനസ്സിലുള്ള പദ്ധതികൾവിശദമായ ഗവേഷണ സ്ഥാപനമുണ്ടാക്കുക, അദ്ദേഹത്തിൻറ കൃതികളുടെ പുനഃപ്രകാശനവും, സമഗ്ര പഠനങ്ങളുമൊക്കെയാണ്. അവരുടെ സംരംഭങ്ങൾക്കു !ഞാൻ സകല മംഗളങ്ങളും ആശംസിക്കുന്നു.

അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളിൽ മുഖ്യമായവ പ്രൊഫസർ. കെ. ശങ്കരൻ നമ്പൂതിരിയുടേയും (1983), ജെ. പത്മകുമാരിയുടേയും (2005. കേന്ദ്രസാഹിത്യ അക്കാദമി, ന്യൂഡൽഹി), ഡോ. ശൂരനാട് രാജശേഖരന്റെയും (അറിവ് അന്വേഷണം, ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ സംഭാവനകൾ 2008. വള്ളത്തോൾ വിദ്യാപീഠം, ശൂരനാട്ടു കുഞ്ഞൻപിള്ള അറിവിന്റെ പ്രകാശഗോപുരം 2011, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.) ഡോ. പി സേതുനാഥിന്റെയും (2012. കേരളയൂണിവേഴ്സിറ്റി) ആണ്. കേരള യൂണിവേഴ്സിറ്റി അപ്പന്റെ ഒരു ബിബ്ലിയോഗ്രാഫിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്രമാധ്യമങ്ങളിലും, ലേഖന രൂപത്തിലും വന്നവ പലതാണ്.

അദ്ദേഹത്തെ കുറിച്ചു അടുത്ത കാലത്തു വന്ന ചില ലേഖനങ്ങളിലും പുസ്തകങ്ങളിലും കണ്ടതിൽ ചിലവ എന്നെ ആശ്ചര്യപ്പെടുത്തുകയും ചെയ്തു. ഏതോ പുസ്തകം കാലിൽ വീണു, അദ്ദേഹത്തിന്റെ നടപ്പു കേടായി എന്നു വരെ കണ്ടു. അദ്ദേഹത്തിന്റെ വയസ്സു കാലത്ത് ദേഹം ഒന്നു മെലിഞ്ഞ് പഴയ ആകാരത്തിനു മാറ്റം വന്നു. അതു പ്രായത്തിന്റെ അസ്കൃത. ആറടി ഒരിഞ്ചിലേറെ പൊക്കവും, അതിനു ചേർന്ന തടിയും, ഇടതിങ്ങിയ മുടിയും (അതു ഏകദേശം അറുപതു വയസ്സു വരെ), ഒട്ടും കൂനലില്ലാതെയുള്ള നടത്തയും, നല്ല നിറവും, ഇമ്പമായ വാഗ്ധാടിയും ഒക്കെയായി ആരും നോക്കിപ്പോകുന്ന രൂപമായിരുന്നു അദ്ദേഹത്തിൻറേത്. എൺപതു കഴിഞ്ഞപ്പോഴാണ് കുറെ രോഗങ്ങൾ അദ്ദേഹത്തെ അലട്ടിത്തുടങ്ങിയത്. അപ്പോഴാണ് ആകാരത്തിനു കുറെ മാറ്റവുമുണ്ടായത്. എന്നാലും അവസാനം വരെ ആരുടെ സഹായവും കൂടാതെ നിവർന്നു തന്നെ നടക്കുമായിരുന്നു. സമ്മേളനങ്ങൾക്കു മിക്കവാറും നിത്യവും പോകുമായിരുന്നു. അങ്ങനെയുള്ള ഒരാൾക്കാണ് നടത്ത വയ്യാതായി എന്നൊക്കെ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്.

അദ്ദേഹത്തിനു കിട്ടിയ പുരസ്കാരങ്ങളെ കുറിച്ചു കൂടി ഒന്നു സൂചിപ്പിക്കണം. തികച്ചും നിസ്സംഗനായാണ് അവയൊക്കെ അദ്ദേഹം കണ്ടത്. രണ്ടു യൂണിവേഴ്സിറ്റികളിൽ നിന്നു ഡി.ലിറ്റ് ബിരുദം (മീററ്റ് / കേരള). മലയാളത്തിലെ ആദ്യത്തെ എഴുത്തച്ഛൻ പുരസ്കാരം. വള്ളത്തോൾ പുരസ്കാരം, കൊച്ചി രാജാവിൽ നിന്നു സാഹിത്യനിപുണൻ, ഭാരത സർക്കാറിൻറെ പത്മശ്രീ, കേരള സാഹിത്യ അക്കാദമിയുടെ ഫെല്ലോഷിപ്പ്, പിന്നെ എത്രയോ ഡസൻ സംഘടനകളിൽ നിന്നു വിശിഷ്ടപുരസ്കാരങ്ങൾ. പലതും വാങ്ങാൻ നേരിട്ടു പോയിട്ടുമില്ല. അവയെല്ലാം സംഘാടകർ വീട്ടിൽ കൊണ്ടു കൊടുക്കുകയായിരുന്നു.

ഞാൻ മനസ്സിലാക്കുന്നു എൻറെ ഈ ലേഖനം അപൂർണ്ണമാണെന്ന്. അദ്ദേഹത്തിൻറെ വ്യക്തിപരമായ കാര്യങ്ങൾ ഞാൻ വിടുകയാണ് ഇവിടെ. ഇനി ഒരു സന്ദർഭമുണ്ടാകുകയാണെങ്കിൽ അവ കൂടി വിവരിക്കാം. തീരെ കുട്ടിക്കാലത്തേ അദ്ദേഹം മനസ്സിൽ സൂക്ഷിച്ചിരുന്ന ഒരു ആപ്തവാക്യം !ഞാൻ മെഡിസിനു കയറിയപ്പോൾ എനിക്കും പറഞ്ഞു തന്നിരുന്നു. അന്നൊക്കെ മെഡിസിനു അഡ്മിഷൻ കിട്ടുന്നത് ഏറെക്കുറെ അസാധ്യമെന്നു വച്ചിരുന്ന കാലത്താണ് കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഒരു ഫസ്റ്റ് റാങ്ക് നേടിയതിന്റെ ഗുണത്തിൽ എനിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശനം കിട്ടുന്നത്. വളരെ സാവകാശം എന്നോടു പറഞ്ഞു, 'മെഡിസിനു നിനക്ക് താൽപര്യമുണ്ടെങ്കിൽ പോകാം. പക്ഷെ ഒരു കാര്യം മനസ്സിൽ ഉറപ്പിച്ചു വേണം. പഠിക്കണം നല്ലവണ്ണം, മെനക്കെട്ടു തന്നെ പരിശ്രമിക്കണം. ഒന്നിലും രണ്ടാമനാവരുത്.

രണ്ടാമനായില്ല ഞാനും തെരഞ്ഞെടുത്ത എന്റെ പഠനമേഖലയിൽ. അദ്ദേഹത്തിന്റെ സകല പ്രവൃത്തിമണ്ഡലങ്ങളിലും അദ്ദേഹവും എന്നും ഒന്നാമൻ തന്നെ ആയിരുന്നു. അദ്ദേഹം കാണിച്ചു തന്ന വഴി തന്നെയായിരുന്നു ഞാനും സ്വീകരിച്ചത്.